Only Positive...

JUNE 2025

# ഒപ്പം®

Vol:8 | Issue:1



# SCHOOL SPECIAL

# പ്രശ്നം ഒരു പാഠമാണ്

എനിക്കു മാത്രമെന്തേ ഇങ്ങനെ? ജീവിതത്തിലെ ചില പ്രത്യേക നിമിഷങ്ങളിൽ, പ്രതിസന്ധിഘട്ടങ്ങളിൽ ഇപ്രകാരം ചിന്തിക്കാത്ത, ഈ ചോദ്യം ചോദിക്കാത്ത ആരെങ്കിലുമുണ്ടാവുമോ? ഈ ചോദ്യം ചോദിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കുക, പ്രശ്നങ്ങൾ നേരിടുന്ന, പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ആദ്യത്തെയോ അവസാനത്തെയോ ആളല്ല നിങ്ങൾ. എല്ലാ മനുഷ്യർക്കും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ പ്രശ്നങ്ങളുണ്ട്. പരസ്യമായ ചില പ്രശ്നങ്ങൾ മാത്രമേ എല്ലാവരും അറിയുന്നുള്ളൂവെന്നേയുള്ളൂ. എങ്കിലും താന്താങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ അനുഭവിച്ചുകൊണ്ടാണ് ഭൂരിപക്ഷം പേരും ഈ ലോകത്തിലൂടെ കടന്നുപോകുന്നത്. ഓരോരുത്തർക്കും അവനവരുടെ പ്രശ്നമാണ് ഏറ്റവും വലുത്. എന്നാൽ ഇത്തിരി അകന്നുനിന്ന് നോക്കുമ്പോൾ മറ്റുള്ളവരുടെ പ്രശ്നങ്ങൾ വലുതും നമ്മുടേതും ചെറുതുമായി തോന്നിയെന്നും വരാം.

മരിച്ചുപോയവർക്കു മാത്രമാണ് പ്രശ്നങ്ങളില്ലാത്തത്. പ്രശ്നങ്ങളുണ്ടാകുന്നത് നാം ജീവിച്ചിരിക്കുന്നതുകൊണ്ടാണ്. അതുപോലെ തന്നെ തലച്ചോർ പ്രവർത്തിക്കുന്നതുകൊണ്ടാണ് പല പ്രശ്നങ്ങളെയും നാം തിരിച്ചറിയുന്നത്. നല്ല രീതിയിൽ തലച്ചോർ പ്രവർത്തിക്കുകയും നമുക്ക് ബുദ്ധിയും വിവേചനശേഷിയും ഉള്ളതുകൊണ്ടുമാണ് പ്രശ്നങ്ങൾ ഉണ്ടെന്ന് നാം മനസ്സിലാക്കുന്നത്. തന്നെ. അപകടങ്ങളെ മുൻകൂട്ടി കാണാൻ കഴിയുന്നത്, മുൻകരുതലുകൾ എടുക്കാൻ കഴിയുന്നത് എല്ലാം തലച്ചോറിന്റെ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നതുകൊണ്ടാണ്

എല്ലാവിധത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരങ്ങളുണ്ട്. ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ സമയം എടുത്തേക്കാമെന്നുമാത്രം. പ്രശ്നങ്ങളുണ്ടാകുമ്പോൾ മറ്റ് ചില ഗുണങ്ങൾ കൂടിയുണ്ട്. അതെങ്ങനെ പരിഹരിക്കും എന്ന് നാം പഠിക്കും. നമ്മുടെ കഴിവും സാഹചര്യങ്ങളും ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്താനുള്ള കഴിവും നമുക്കുണ്ടാകും. കൂടാതെ പ്രശ്നങ്ങളുണ്ടാകുമ്പോൾ ആരൊക്കെയാണ് കൂടെയുണ്ടാവുന്നത് എന്ന് തിരിച്ചറിയുകയും ചെയ്യും.

പ്രശ്നം ഒരു പാഠമാണ്; സാധ്യതയും.



> *പരിശ്രമം അവസാനിപ്പിക്കാത്തവരും നന്ദി എക്കാലവും പുലർത്തുന്നവരും അധ്വാനിക്കുന്നതിൽ മടുപ്പില്ലാത്തവരുമായവരുടെ ജീവിതത്തിലാണ് വലിയ കാര്യങ്ങൾ സംഭവിക്കുന്നത്*



EDITORIAL

# പ്രതീക്ഷിക്കാൻ എന്തെല്ലാം...

പ്രതീക്ഷിക്കാൻ എന്തുണ്ട് എന്ന് നിരാശാഭരിതരായി ചോദിക്കുന്നവരാകാതെ പ്രതീക്ഷിക്കാൻ എന്തെല്ലാം ഉണ്ട്! എന്ന വിധത്തിൽ അത്ഭുതപ്പെടുന്നവരാകുക. അതാണ് ആദ്യം തന്നെ പറയാനുള്ളത്. പ്രതീക്ഷ ഒരു മരുന്നാണ്. ജീവൻ നിലനിർത്താൻ ആവശ്യമായ മരുന്ന്. ഈ ലോകത്തിന്റെ താളവും തുടിപ്പും പ്രതീക്ഷയാണ്. പ്രതീക്ഷയില്ലായിരുന്നുവെങ്കിൽ മറ്റൊരാളുടെ മുഖത്തുനോക്കി ചിരിക്കാൻ പോലും നമുക്കാവുമായിരുന്നില്ല.

പ്രതീക്ഷകളെ വീണ്ടെടുക്കുക എന്നതാണ് നാം നമ്മോടുതന്നെ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം. പ്രതീക്ഷകളെ വീണ്ടെടുക്കാൻ മറ്റൊരാളെ സഹായിക്കുക എന്നതാണ് നാം മറ്റുള്ളവർക്ക് ചെയ്യേണ്ട വലിയ കാര്യം.

**കഴിഞ്ഞ ഏഴു വർഷമായി വായനക്കാരെ അവരുടെ പ്രതീക്ഷകൾ വീണ്ടെടുക്കാൻ ചെറിയ രീതിയിൽ സഹായിക്കുന്ന പ്രസിദ്ധീകരണമാണ് ഒപ്പം. എട്ടാം വർഷത്തിലേക്കാണ് ഒപ്പം ഈ മാസം പ്രവേശിക്കുന്നത്.**

ഇക്കാലത്തിനിടയിൽ ഒരുപാടുപേരുടെ ജീവിതങ്ങളിൽ പ്രതീക്ഷയും സന്തോഷവും നല്കാൻ ഞങ്ങളുടെ ടീമിന് സാധിച്ചിട്ടുണ്ട് എന്നത് ഏറ്റവും അഭിമാനത്തോടുകൂടിയാണ് ഇവിടെ ഓർമ്മിക്കുന്നത്. പലരുടെയും നല്ലവാക്കുകൾ വെളിപ്പെടുത്തിത്തന്നതാണ് അത്. ഇതുവരെ ഒപ്പമുണ്ടായിരുന്നവർക്കെല്ലാം നന്ദി.

കാഴ്ചയുടെ പരിധിയാണ് പ്രതീക്ഷകളെ പരിമിതപ്പെടുത്തുന്നത്. കാഴ്ചകൾക്കപ്പുറം കാഴ്ചപ്പാടുകൾ ഉണ്ടാവുമ്പോൾ പ്രതീക്ഷകളുടെ ലോകം വിശാലമാകും. ജീവിതത്തിലെ ഏതൊക്കെ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോഴും പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോകാതെ സൂക്ഷിക്കാം. പ്രതീക്ഷയില്ലെങ്കിൽ പിന്നെന്തു ജീവിതം!

ആശംസകളോടെ

**വിനായക് നിർമ്മൽ**


**OPPAM**
Only Positive...

Vol: 8 | Issue: 1 | Page: 24
June 2025

Website: www.oppammagazine.com
E mail: oppammagazine@gmail.com
oppammagazine
oppammagazine
oppammagazine

**OPPAM**

Managing Director: Prof Antoney P Joseph Botswana
(Gaborone University College of Law & Professional Studies)
Managing Editors: Benny Abraham, Mariyamma George, Alleppey
Chief Editor: Latnus K.D.

**Production Team**

Editor in charge : Vinayak Nirmal
Sub Editor: Lincy Jijo
Printed & Published by : Shoby G.V.
Circulation Manager: Antony E.C. Kottamuri
Design : Abraham Thomas
IT Support: Job Joseph

**Office**

Oppam Magazine
Jominas Building
Nr. SNBS L.P School
Pullur P.O, Thrissur Dt.
Kerala, India, Pin: 680683

**For Donation**

OPPAM MAGAZINE
A/C No: 12790200319046
FEDERAL BANK
BRANCH: IRINJALAKKUDA
IFSC: FDRL0001279

**Printed at**

Don Bosco Igact, Kochi-28



ഒപ്പം വാട്സ്ആപ്പ് നമ്പർ - 9207693935

ഒപ്പം മാസികയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഈ വാട്സ്ആപ്പ് നമ്പർ ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ?

GUEST COLUMN

ബോബി ജോസ് കട്ടികാട്

# പരാതികളില്ലാതെ ജീവിക്കാനാവുമോ?

ചെറിയൊരു പ്രായത്തിലാണ് സെൻ കഥകളിൽ താല്പര്യം തോന്നിത്തുടങ്ങിയത്. ബുദ്ധപാരമ്പര്യങ്ങളിൽ നിന്ന് തളിർത്തിട്ടുള്ള സാരോപദേശ കഥകളാണല്ലോ സെൻകഥകൾ. ഗുരു നിത്യയാണെന്ന് തോന്നുന്നു മലയാളത്തിലേക്ക് ആദ്യമായി സെൻകഥകൾ വിവർത്തനം ചെയ്തിരിക്കുന്നത് അതിലൊരു കഥയുടെ ശീർഷകം ഇങ്ങനെയാണ്. നിരന്തരം പരാതി പറയുന്ന വയോധിക.

കഥയിലെ വയോധികയ്ക്ക് രണ്ടു പെൺമക്കളാണുള്ളത്. ഒരാൾ പൂക്കാരിയാണ്. പൂന്തോട്ടങ്ങൾ വച്ചുപിടിപ്പിച്ച് പൂക്കൾ വില്പന നടത്തുന്നവൾ, രണ്ടാമത്തെ മകൾ പപ്പടവില്പനക്കാരിയാണ്. മഴയും വെയിലും മാറിമാറിവരുന്നതിന് അനുസരിച്ച് ഈ വയോധിക തന്റെ പെൺമക്കളെയോർത്ത് കരഞ്ഞുകൊണ്ടിരിക്കും.

മഴക്കാലം വരുമ്പോൾ പപ്പടം ഉണക്കാൻ കഴിയാതെ പോകുന്ന മകളെയോർത്തും വേനൽക്കാലം വരുമ്പോൾ ചെടികൾക്ക് വെള്ളം കിട്ടാതെ വരുന്ന



> മറ്റുള്ളവർ സൃഷ്ടിക്കുന്ന കാർമേഘങ്ങൾക്കിടയിലും മഴവില്ലാകാൻ ശ്രമിക്കുക

പൂക്കാരി മകളെയോർത്തും. അങ്ങനെയിരിക്കെ ഒരു ദിവസം ഗുരു ആ സ്ത്രീയോട് ചോദിച്ചു. നിനക്ക് എന്തുകൊണ്ട് കാര്യങ്ങളെ ഒന്ന് മാറിചിന്തിച്ചുകൂടാ? മഴ വരുമ്പോൾ പൂക്കാരി മകളുടെ സൗഭാഗ്യങ്ങളെ ക്കുറിച്ചോർമ്മിക്കുക. വെയിൽ വരുമ്പോൾ പപ്പടവി ല്പനക്കാരി മകളുടെ സൗഭാഗ്യങ്ങളെക്കുറിച്ചും ആലോചിക്കുക.

ഈ കഥ വായിച്ച പ്രായത്തിൽ ഇതെല്ലാം അതിശയോക്തി കലർന്ന കഥകളായിട്ടാണ് എനിക്ക് തോന്നിയത്. ഇങ്ങനെ എപ്പോഴും പരാതി പറയുന്ന മനുഷ്യരാരെങ്കിലും ഉണ്ടോയെന്നാണ് ഞാൻ സംശയിച്ചത്. പക്ഷേ മധ്യവയസിലെത്തിക്കഴിയുമ്പോൾ എനിക്കൊരു കാര്യം പിടികിട്ടുന്നുണ്ട്, ഞാനുൾപ്പടെയുള്ള മനുഷ്യരുടെ സത്തയെ പ്രതിനിധാനം ചെയ്യുന്നുണ്ട് നിരന്തരം കരഞ്ഞുകൊണ്ടിരിക്കുന്ന ഈ സ്ത്രീ. ചുറ്റിനും നടക്കുന്ന സന്തോഷങ്ങളൊന്നും അവരറിയുന്നില്ല. അവരിങ്ങനെ നിരന്തരം പരാതി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

വളരെയധികം ഇന്റിമസി പുലർത്തുന്ന മുതിർന്ന രണ്ടു മക്കളുടെ അമ്മയായ ഒരു അനിയത്തികണക്കെയുള്ള ഒരു പെൺകുട്ടിയുണ്ടെനിക്ക്. മക്കളുടെ ഓരോരോകാര്യങ്ങളിൽ പ്രാർത്ഥന ഒരു ബലം നല്കുന്നുണ്ടെന്ന വിശ്വാസത്തോടെയായിരിക്കും എല്ലാ കാര്യങ്ങളും അവൾ പങ്കുവയ്ക്കുന്നത്. ഓരോ പ്രാവശ്യവും അവൾക്ക് ഇങ്ങനെ ഓരോ പരാതിപറയാനുണ്ടാവും. അതിൽ കുഴപ്പമൊന്നുമില്ല. കാരണം അത്രയധികം അടുപ്പവും സ്നേഹവുമുള്ളതുകൊണ്ടാണല്ലോ അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

അതിനിടയിൽ മകൾക്ക് കിട്ടിയ വലിയൊരു നേട്ടംപറയാൻ അവൾ വിട്ടുപോയി. അതിനെക്കുറിച്ച് ഒരു വീണ്ടുവിചാരമുണ്ടായപ്പോൾ ഇങ്ങനെയൊരു മെസേജ് അയച്ചു.എപ്പോഴും ഇങ്ങനെ സങ്കടങ്ങൾ പറഞ്ഞ് ജീവിതത്തിന്റെ ഭംഗിയുള്ളകാര്യങ്ങൾപറയാനായിട്ട് ഞാൻ മറന്നുപോയി. അങ്ങനെയൊരു പ്രശ്നം പരാതിപറയുന്നവർക്കിടയിൽ സംഭവിക്കുന്നുണ്ട്, ജീവിതത്തിന്റെ ഭംഗിയുള്ള ചിലവശങ്ങൾ കാണാതെയും അതിനെയോർത്ത് കണ്ണുനിറയാതെയും അതിന് മീതെ ഹൃദയം കൃതജ്ഞതാഭരിതമാക്കാതെയും കടന്നുപോകുക എന്നത് മോശപ്പെട്ട കാര്യമാണ്.

**ജീവിതത്തോടുള്ള കൃതജ്ഞതാമനോഭാവം ആഴപ്പെടുന്നത് അനുസരിച്ച് നമുക്ക് പരാതിപ്പെടാൻ അവകാശമില്ലെന്ന് തോന്നും. ഒന്നോർത്താൽ എന്തു മാത്രം കൃതജ്ഞതയോടെ ജീവിക്കേണ്ട മനുഷ്യരാണ് നമ്മളെല്ലാവരും.**

complaint is a insult god എന്നൊക്കെ ചില പ്രസ്താവനകളുണ്ട്. എല്ലാ പരാതികളും ദൈവത്തിന് എതിരെയുള്ള അവഹേളനങ്ങളാണ്. ഇതിനെ ഡിസൈൻ ചെയ്ത്,പരിപാലിക്കുന്ന ഒരാൾക്ക് മീതെയുള്ള നിങ്ങളുടെ വെല്ലുവിളിയായിട്ട് വേണമെങ്കിൽ പോലും ഈ പരാതിപറച്ചിലിനെ കാണാവുന്നതേയുള്ളൂ. ഇത് പറയാനുള്ളകാരണം, ഞങ്ങളുടെയൊക്കെ ആശ്രമങ്ങളിൽ ജീവിച്ചിരിക്കുന്ന വയോധികരായ സന്യാസിമാരുടെ പ്രസാദമുള്ള വാർദ്ധക്യത്തെക്കുറിച്ചുള്ള ചില ഓർമ്മകളിൽ നിന്നാണ്. വേണമെങ്കിൽ ക്ലേശകരമാക്കാവുന്ന, പരാതിപറഞ്ഞ് സൗന്ദര്യം കെടുത്താവുന്ന സായന്തനങ്ങളെ അവർ പരാതിയില്ലാതെ ജീവിച്ചും വിധിവാചകങ്ങൾ ഉച്ചരിക്കാതെയും കൂടെപാർക്കുന്നവരെ പ്രചോദിപ്പിച്ചുമൊക്കെ കടന്നുപോകുന്ന ഭംഗിയുള്ള സായന്തനങ്ങൾ എല്ലാ ആശ്രമങ്ങളിലുമുണ്ട്.

അതുകൊണ്ട് തന്നെ പരാതിപറയുന്നത് ഹെവിയായിട്ടുള്ള ഒരു സംഗതിയായിട്ടാണ് തോന്നുന്നത്. ഞങ്ങളിൽ പലരുടെയും നവസന്യാസപരിശീലകനായി നിലകൊണ്ടിരുന്ന ഒരു വൈദികനുണ്ടായിരുന്നു തോമസ് ജേക്കബച്ചൻ. ഞങ്ങൾക്കെല്ലാവർക്കും വളരെ പ്രിയപ്പെട്ടവനായിരുന്ന അച്ചൻ അടുത്തയിടെയാണ് കടന്നുപോയത്. ആരെയും വിധിക്കാത്ത മനുഷ്യനായിരുന്നു അദ്ദേഹം. ആരെയും വിധിക്കാത്തവർക്ക് മാത്രമേ പരാതികളില്ലാത്ത സായന്തനങ്ങളുണ്ടാവുകയുള്ളൂ. നിങ്ങൾക്ക് നിങ്ങളുടെ സായന്തനം ഇങ്ങനെ പരാതികളില്ലാതെ ആക്കണമെന്നുണ്ടെങ്കിൽ, പ്രകാശമുള്ളതാക്കി മാറ്റണമെന്നുണ്ടെങ്കിൽ വിധിവാചകങ്ങളില്ലാതെ ജീവിക്കുക

> *സന്തോഷം യാദൃച്ഛികമായി സംഭവിക്കുന്നവയല്ല ബോധപൂർവ്വമായ ഒരു തിരഞ്ഞെടുപ്പാണത്*



judmental ആയ ഭാവത്തിൽ നിന്നാണ് എല്ലാ പരാതികളുമുണ്ടാകുന്നത്. എവിടെയും ഏതൊരു മനുഷ്യനും പുലർത്താവുന്ന ക്വാളിറ്റിയുള്ള ആറ്റിറ്റിയൂഡ് ഒന്നിനെയും വിധിക്കാതിരിക്കുക എന്നതാണ്. പാപമായിട്ട് തന്നെ പരാതിയെ കാണുന്നത് നല്ലതാണ്. ഹിബ്രൂ ഭാഷയിൽ മിസിംങ് ദ മാർക്ക് എന്നാണ് പാപം എന്ന വാക്കിന്റെ അർത്ഥം. ഒരു ലക്ഷ്യം നഷ്ടപ്പെടുക. ലക്ഷ്യം, ഉദ്ദേശ്യം തെറ്റുന്ന പരിപാടിയുടെപേരാണ് പാപം. Quality living ആണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ, ആഴവും അഴകുമുള്ളജീവിതമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ ഭംഗിയെ തടസ്സപ്പെടുത്തുന്ന എന്തോ ഒരു അംശം ഈ പരാതിയിലുണ്ട്. നമ്മൾ വിചാരിക്കുന്ന കണക്കെ അത്ര നിസ്സാരമായിട്ടെടുക്കേണ്ട ഒന്നല്ല ഇത്, വിശുദ്ധിയെ ബാധിക്കുന്ന കാര്യമാണ് അത്.

വ്യക്തിബന്ധങ്ങളിലൊക്കെ പരാതിയുണ്ടാക്കുന്ന പരിക്കുകൾ വളരെ വലുതാണ്.വിശേഷിച്ചും ദാമ്പത്യത്തിൽ.ദാമ്പത്യത്തിലൊക്കെ അതെന്തുമാത്രം അനിഷ്ടങ്ങളാണ് സൃഷ്ടിച്ചെടുക്കുന്നത്! യൗവനത്തിൽ പറയുന്ന പരാതി കുറെക്കൂടി സ്പോട്ടീവ് ആയി നിങ്ങളുടെ പങ്കാളി കണക്കാക്കിയേക്കും. കൂടുതൽ കാണുകയും സംസാരിക്കുകയുമൊക്കെ ചെയ്യുന്നത് ചില പ്രായമുള്ള മനുഷ്യരെയാണ്. അവർ പറയുന്നത് പരാതികളും കുറ്റപ്പെടുത്തലുകളുമൊക്കെ ഇപ്പോൾ സ്വീകരിക്കാൻ പറ്റുന്നില്ലെന്നാണ്. അതിനുള്ള ആരോഗ്യം ഇപ്പോൾ നഷ്ടമായിരിക്കുന്നുവെന്നാണ്. ചുരുക്കത്തിൽ ഏതൊരു ദിവസമാണ് കൂടെപാർക്കുന്ന ആളുടെ പരാതി സ്പോട്ടീവ് സെൻസിൽ മറ്റുള്ളവർക്ക് എടുക്കാൻ കഴിയാതെ പോകുന്നത് ആ നിമിഷം തൊട്ട് വീടെന്ന് പറയുന്നത് ഈ ലോകത്തിലെ ഏറ്റവും കഠിനമായ അനുഭവമായി മാറും.

എങ്ങനെയാണ് പരാതികളില്ലാത്ത ജീവിതം രൂപപ്പെടുത്തിയെടുക്കേണ്ടത്. പലർക്കും പല വഴികൾ നിർദ്ദേശിക്കാനുണ്ടാവാം.പക്ഷേ എനിക്ക് തോന്നുന്നത് സെൻസ് ഓഫ് ഗ്രാറ്റിറ്റിയൂഡ് വളർത്തിയെടുക്കുക എന്നതാണ്.

ജീവിതത്തോടുള്ള കൃതജ്ഞതാമനോഭാവം ആഴപ്പെടുന്നത് അനുസരിച്ച് നമുക്ക് പരാതിപ്പെടാൻ അവകാശമില്ലെന്ന് തോന്നും. ഒന്നോർത്താൽ എന്തുമാത്രം കൃതജ്ഞതയോടെജീവിക്കേണ്ട മനുഷ്യരാണ് നമ്മളെല്ലാവരും.

> *ഓരോ ദിവസവും ഓരോ അനുഗ്രഹവുമായിട്ടാണ് കടന്നുവരുന്നത്, സ്വീകരിക്കാൻ മാത്രം യോഗ്യതയുണ്ടോയെന്നതാണ് പ്രസക്തം*

പി. ഹരികൃഷ്ണൻ



# എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ്!

പുതിയ അധ്യയനവർഷം ആരംഭിച്ചിരിക്കുന്നു. പുതിയ പുസ്തകങ്ങൾ, പുതിയ കൂട്ടുകെട്ടുകൾ, ചിലർക്കെങ്കിലും പുതിയ സ്കൂൾ/വിദ്യാഭ്യാസ സ്ഥാപനം തുടങ്ങി അധ്യയനവർഷത്തിന്റെ തുടക്കം പല പുതുമകളും സമ്മാനിക്കുന്നുണ്ട്. എന്തിനാണ് വിദ്യാഭ്യാസം ചെയ്യുന്നത്? അറിവ് നേടുന്നതിനോ ജോലി നേടുന്നതിനോ? അറിവ് നേടുന്നതിന് എന്ന് ആലങ്കാരികമായി പറയാമെങ്കിലും ഉയർന്ന ജോലി നേടിത്തരുന്ന കോഴ്സുകൾ തെരഞ്ഞെടുക്കുന്നവരാണ് മിക്കവരും. പ്രായോഗികമായി ചിന്തിക്കുമ്പോൾ ഇതിൽ തെറ്റ് കണ്ടെത്താനാവില്ല. എങ്കിലും ജോലിക്കുവേണ്ടി മാത്രമാണോ വിദ്യാഭ്യാസം ചെയ്യേണ്ടത്? നാൽക്കാലിയായി പിറന്നുവീഴുന്ന ഒരു ജീവിയിൽ നിന്ന് മനുഷ്യനിലേക്കുള്ള ദൂരം നടന്നുതീർക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണെന്നാണ് പറയുന്നത്. അപ്പോൾ മനുഷ്യനെ മനുഷ്യനാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസമെന്ന് പറയാം. മനുഷ്യസഹജമായ ആർദ്രതകളെല്ലാം സ്വായത്തമാക്കിയാലേ വിദ്യാഭ്യാസം അന്വർഥമാകൂ എന്ന് സാരം. Being Human ആയാൽ മാത്രമേ Human Being എന്ന പേരിന് അർഹനാവുകയുള്ളൂ. സ്നേഹം, കരുണ, കരുതൽ, സഹകരണം തുടങ്ങിയ മൂല്യങ്ങളെല്ലാം ഇതിൽ ഉൾപ്പെടും. എന്നാൽ ഈ ചിന്താഗതി വച്ചുപുലർത്തുന്ന എത്രപേരുണ്ട് നമ്മുടെ സമൂഹത്തിൽ? എന്റെ മകന് അല്ലെങ്കിൽ മകൾക്ക് എല്ലാവിഷയത്തിനും എ പ്ലസ് കിട്ടണമെന്ന ചിന്ത മാത്രമാണ് ഒട്ടുമിക്ക മാതാപിതാക്കളെയും ഭരിക്കുന്നത്. സ്വന്തം മക്കൾക്ക് ഉയർന്ന ഗ്രേഡ് കിട്ടിയാലും മറ്റുള്ളവർക്കും അതേ ഗ്രേഡ് ലഭിക്കുമ്പോൾ അസ്വസ്ഥരാകുന്ന മാതാപിതാക്കളും ഇല്ലാതില്ല. ഈ

> ***അശുഭാപ്തിവിശ്വാസം നമ്മെ അശക്തരാക്കുന്നു, ശുഭാപ്തിവിശ്വാസം ശക്തരും***

മത്സരബുദ്ധിയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളും മുതലെടുക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും പരസ്യബോർഡുകളാണ് വഴിവക്കിൽ നിറഞ്ഞുനിൽക്കുന്നതെന്ന് ഒന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. സാമൂഹ്യപ്രതിബദ്ധത ആവശ്യപ്പെടുന്ന രണ്ട് മേഖലകളാണ് വിദ്യാഭ്യാസവും ആതുരശുശ്രൂഷയും എന്നതാണ് രസകരം.

എല്ലാ വിഷയത്തിനും എ പ്ലസ് വാങ്ങിയാൽ ജീവിതത്തിൽ രക്ഷപ്പെട്ടു എന്നർഥമില്ല. ഉയർന്ന സ്കോർ ജീവിതവിജയത്തിന്റെ അളവുകോലുമല്ല. ജീവിതവിജയം എന്നത് ആപേക്ഷികമാണ്. പണസമ്പാദനവുമായി അതിന് ബന്ധമില്ല. ആവശ്യത്തിലേറെ പണം സമ്പാദിക്കാനായാലും ദരിദ്രനെപ്പോലെ



ജീവിക്കേണ്ടി വരുന്ന ചിലരെങ്കിലുമുണ്ട്. പണം ചെലവഴിക്കുന്നതിനുള്ള മടികൊണ്ടോ ചിലപ്പോഴെങ്കിലും മറ്റ് ചില സാഹചര്യങ്ങൾ കൊണ്ടോ ആണ് അങ്ങനെ സംഭവിക്കുന്നത്. മറ്റ് ചിലർക്കാകട്ടെ ജീവിതത്തിൽ ഒരിക്കലും സന്തോഷം കണ്ടെത്താനാകുന്നില്ല. ആത്മഹത്യ ചെയ്യുന്നവരിൽ വളരെ ഉന്നത വിദ്യാഭ്യാസം നേടിയവരും ഉണ്ടെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സ്വന്തം ഇഷ്ടങ്ങളെ പിന്തുടരാനാകുമ്പോൾ മാത്രമാണ് ഒരാൾ ജീവിതത്തിൽ വിജയിച്ചു എന്ന് പറയാനാവുക.

The dignity of labour എന്ന ഒരു പ്രയോഗമുണ്ട് ഇംഗ്ലീഷിൽ. ഏത് തൊഴിലിനും അതിന്റേതായ മാന്യതയുണ്ടെന്നർഥം. മറ്റുള്ളവർക്ക് ഒരു തരത്തിലുമുള്ള ഉപദ്രവം ഉണ്ടാക്കാതെ പണം സമ്പാദിക്കാനുള്ള ഏതുവഴി തെരഞ്ഞെടുത്താലും അതിൽ അന്തസ്സും മാന്യതയും കണ്ടെത്താനാവണം. വിദേശരാജ്യങ്ങളിൽ ഈ കാഴ്ചപ്പാടിന് പ്രചാരമുണ്ടെങ്കിലും വെള്ളക്കോളർ ജോലി മാത്രമാണ് യഥാർഥ ജോലി എന്ന ചിന്താഗതിയിൽ നിന്ന് നിർഭാഗ്യവശാൽ നാം ഇപ്പോഴും കരകയറിയിട്ടില്ല. ഡോക്ടറും എഞ്ചിനീയറും കലക്ടറും പ്രഫസറും ബാങ്ക് ജോലിക്കാരനും മാത്രമായാൽ സമൂഹം പൂർണമാകില്ല. കൃഷിക്കാരനും വാർക്കപ്പണിക്കാരനും കറവക്കാരനും മത്സ്യബന്ധനത്തൊഴിലാളിയും ചെരുപ്പുകുത്തിയുമുൾപ്പെടെ എല്ലാത്തരത്തിലുമുള്ള ജോലിക്കാരും അടങ്ങുന്നതാണ് നമ്മുടെ സമൂഹം.

മത്സരബുദ്ധിയോടെ പഠിക്കരുതെന്നോ എ പ്ലസ് ലക്ഷ്യമാക്കരുതെന്നോ അല്ല ഇപ്പറഞ്ഞതിന് അർഥം. നന്നായി പഠിക്കുകയും ഉയർന്ന ഗ്രേഡ് ലക്ഷ്യമാക്കുകയും വേണം. നൂറ് ശതമാനം വിജയം എന്നതിനെക്കാൾ മദ്യം, മയക്കുമരുന്ന്, ആക്രമണങ്ങൾ തുടങ്ങിയ സമൂഹത്തിലെ അധമവാസനകൾ ബാധിക്കാത്ത ഒരു കാമ്പസ്/സ്കൂൾ അന്തരീക്ഷമായിരിക്കണം നമ്മുടെ സ്വപ്നം. പാഠ്യപദ്ധതി അനുസരിച്ചുള്ള വിജ്ഞാനം നേടുന്നതിനൊപ്പം വിവേകം കൂടി സ്വായത്തമാക്കാൻ നമ്മുടെ കുട്ടികളെ പ്രാപ്തരാക്കണം. കൊള്ളേണ്ടതിനെ കൊള്ളാനും തള്ളേണ്ടതിനെ തള്ളാനുമുള്ള വിവേചനബുദ്ധിയാണ് വിവേകം എന്ന് വേണമെങ്കിൽ പറയാം. അതിനൊക്കെയുള്ള ഇടങ്ങളാവട്ടെ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

> *സന്തോഷിക്കാൻ വേണ്ടി കാത്തിരിക്കരുത്, കാരണം ആരും സന്തോഷം തരുന്നില്ല ;*
> *സ്വമേധയാ അതു നമ്മൾ കണ്ടെത്തുക*

സനു തെറ്റയിൽ

# വീണ്ടും യൂണിഫോം അണിയുമ്പോൾ...



ജൂൺ ഒന്നിന് മഴ പെയ്യുമായിരുന്നു പണ്ടൊക്കെ. അതല്ല, സ്കൂൾ തുറക്കുന്നത് ജൂൺ രണ്ടിനോ മൂന്നിനോ ആണെങ്കിൽ അന്ന് പെയ്യും, അതാണ് അധ്യയന വർഷാരംഭത്തേക്കുറിച്ചുള്ള പഴയ ഓർമകളിൽ ആദ്യം തെളിഞ്ഞുവരുന്നത്. അന്നൊക്കെ മനസ്സിനെ വല്ലാതെ കുഴപ്പിക്കുന്ന ഒരു ചോദ്യമിതാണ്, 'മഴയ്ക്ക് എങ്ങനെ അറിയാം സ്കൂൾ തുറക്കുന്നത്?'

കാലം മാറി. മഴ എന്ന് വരുമെന്നൊരു ചിന്തപോലും ഇന്ന് കുഞ്ഞുങ്ങൾക്കുണ്ടോ എന്ന് സംശയമാണ്. ആധുനികതയുടെ കളിക്കോപ്പായ മൊബൈൽ വന്നതോട് കൂടി പ്രകൃതിയുമായുള്ള കുഞ്ഞുങ്ങളുടെ ബന്ധം തന്നെ ഇല്ലാതായി. കൊയ്ത്തൊഴിഞ്ഞ പാടങ്ങൾ മൈതാനങ്ങളായി മാറുന്നൊരു കാലത്തു നിന്ന് വളർന്ന്, ഇന്ന് മക്കളൊക്കെ ആയപ്പോൾ അവരുടെ വളർച്ച കണ്ട് സന്ദേഹിച്ച് നിൽക്കുകയാണ്, എങ്ങോട്ടാണ് കാലം മനുഷ്യമക്കളെ കൊണ്ടുപോകുന്നതെന്നോർത്ത്!...

രണ്ടു കുഞ്ഞുങ്ങളുടെ അച്ഛനും അധ്യാപകനുമെന്ന നിലയിൽ ചിന്തിക്കുമ്പോൾ ഒരുപാട് ചിന്തകളാണ് മനസ്സിലേക്ക് കടന്നു വരുന്നത്. SSLC പരീക്ഷ സമയം. ഒരു ദിവസം ഡ്യൂട്ടി കഴിഞ്ഞ് ഫോണെടുത്തപ്പോൾ അഞ്ചോ ആറോ മിസ്കോളുകൾ. കൂടെ പഠിപ്പിക്കുന്ന ടീച്ചറുടേതാണ്. തിരിച്ച് വിളിച്ചപ്പോൾ

> *ആദ്യം സ്വയമാരാണെന്ന് തിരിച്ചറിയുക, പിന്നെ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുക*



ആദ്യം കേട്ട വാചകം, 'സാറെ, സാറിന്റെ ക്ലാസ്സിൽ കഴിഞ്ഞ വർഷം പഠിച്ച മനോജില്ലേ, ആ കുട്ടി ആത്മഹത്യ ചെയ്തു.' (പേര് യഥാർത്ഥമല്ല). യാതൊരു മുഖവുരയുമില്ലാതെ ടീച്ചർ ഇത് പറഞ്ഞത്, സങ്കടവും ദേഷ്യവും കലർന്ന സ്വരത്തിലാണ്. എത്ര പറഞ്ഞ് കൊടുത്തിട്ടും സ്നേഹിച്ചിട്ടും എന്തേ ഇന്നത്തെ കുഞ്ഞുങ്ങൾ ഇങ്ങനെ? ഇവർ എന്തേ ഒരു പക്വതയില്ലാതെ?... കാരണങ്ങൾ അന്വേഷിച്ച് പോയപ്പോൾ അറിയാൻ കഴിഞ്ഞത് പലതാണ്. അച്ഛനും അമ്മയും കുട്ടിയുടെ കൂടെയില്ല, അമ്മൂമ്മയുടെ കൂടെയാണ് പയ്യന്റെ താമസം. നല്ലൊരു സുഹൃത്ത് പോലും ഇല്ലാത്തൊരു കുട്ടി. പ്രണയനൈരാശ്യമാണ് പോലും, അങ്ങനെ അങ്ങനെ പലതും. സ്കൂളിലുള്ളവർക്കും അയൽക്കാർക്കും നാട്ടുകാർക്കും പറയാനുള്ള കാരണങ്ങൾ പലതാണ്. പക്ഷേ ഇതെല്ലാം വിരൽചൂണ്ടുന്നത് ആ കുട്ടിയുടെ മാനസിക വളർച്ചയിലേക്കാണ്.

ഓരോ വീട്ടിലും പത്തും പന്ത്രണ്ടും മക്കളുള്ള ഒരു കാലമുണ്ടായിരുന്നു നമുക്ക്. മൂന്നോ നാലോ കൊച്ചു മുറികളുള്ള ചെറിയ വീടുകളിൽ നിന്ന് ഒന്നോ രണ്ടോ മക്കളുമായി ബംഗ്ലാവുകളിലേക്ക് കുടിയേറിപ്പാർത്ത ബാഹ്യമായൊരു വ്യത്യാസം മാത്രമല്ല കാലം നമുക്ക് സമ്മാനിച്ചത്. വളർന്ന് വരുന്ന കുഞ്ഞുങ്ങളുടെ മാനസിക നിലയിൽ പോലും ഒരുപാട് മാറ്റം വരുത്തി, കാലം. പരസ്പരം കൊണ്ടും കൊടുത്തും വളർന്നൊരു നല്ലകാലത്ത് വളർന്നുവന്നത് ശരീരം മാത്രമല്ല, നല്ലൊരു മനസും മന:സാക്ഷിയുമായിരുന്നു. താൻ അനുഭവിച്ച കഷ്ടപ്പാടുകൾ മക്കൾക്ക് ഉണ്ടാവരുതെന്ന ആരുടെയോ ഒരു 'മണ്ടൻ ചിന്ത' ഇന്ന് വരുത്തിയ വിന ചെറുതൊന്നുമല്ല. മക്കളെ വളർത്താൻ, അവരുടെ പോക്ക് എങ്ങോട്ടാണെന്നൊക്കെ അറിയാൻ ബന്ധുക്കളുടെയും അയൽക്കാരുടെയും നാട്ടുകാരുടെയുമൊക്കെ സഹായം വേണ്ടിവരും. ഉയർത്തിക്കെട്ടിയ മനസ്സിന്റെ മതിലുകളും കൊട്ടിയടച്ച അഹംഭാവത്തിന്റെ പടിപ്പുരകളുമൊക്കെ അവർക്ക് മുന്നിൽ തുറന്നിടാൻ മടി കാണിക്കരുത്. നമ്മുടെ മക്കൾക്ക് വേണ്ടിയാണ്. കുഞ്ഞുങ്ങളുടെ നല്ല ഭാവിക്ക് വേണ്ടിയാണ്.

ഒരു കാര്യം പറയട്ടെ, ഇത് കുഞ്ഞുങ്ങളോടാണ്. ഞങ്ങൾ മാതാപിതാക്കൾ, അധ്യാപകർ, മുതിർന്നവർ ഉപദേശിക്കും. ആയുസ്സുള്ളിടത്തോളം, ലോകാവസാനത്തോളം! ഈ നാടിന്റെ സംസ്കാരമതാണ്. അതങ്ങനെയാണ്. അത് ഞങ്ങളുടെ കടമയും ഉത്തരവാദിത്തവുമായതുകൊണ്ടാണ്. നിങ്ങൾക്ക് അത് നിങ്ങളുടെ രീതിയിലെടുക്കാം.

എന്റെ ഒരു വിദ്യാർത്ഥി കുറെ നാൾ മുമ്പ് എന്നോട് പറഞ്ഞത് ഞാനിവിടെ കുറിക്കുന്നു, സർ, എന്റെ അമ്മ പലപ്പോഴും എന്നോട് പറയും മുള്ള് വന്ന് ഇലയിൽ വീണാലും ഇല വന്ന് മുള്ളിൽ വീണാലും പരിക്ക് ഇലയ്ക്കാണെന്ന്. ഞാൻ അതിനെ പോസിറ്റീവ് ആയാണ് കാണുന്നത്. Atleast അമ്മ എന്നെ ഒരു ഇലയായിട്ടാണല്ലോ കാണുന്നത്. പച്ചിലകളില്ലാത്ത ഭൂമിയെപ്പറ്റി ഒന്ന് ചിന്തിച്ചു നോക്കൂ സർ. അപ്പോൾ ഭൂമിയെ ഹരിതാഭമാക്കുന്നത് ഞങ്ങൾ പെണ്ണുങ്ങളല്ലേ... പിന്നെ എന്റെ ആൺ സുഹൃത്തുക്കൾ മുള്ളുകളാണെങ്കിൽ, അവർ ആ മുള്ളുകൾകൊണ്ട് ഞങ്ങളുടെ പച്ചപ്പിന് ചുറ്റും മുള്ളു വേലികൾ തീർത്ത് ഞങ്ങളെ സംരക്ഷിക്കാൻ കെൽപ്പുള്ളവരാണ് സർ' സൗഹൃദങ്ങൾ ഇത്തരത്തിലാവട്ടെ... കുഞ്ഞുങ്ങൾ നമുക്ക് മാതൃകകളാവട്ടെ. പുതിയൊരു അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന കുഞ്ഞുങ്ങൾക്ക് നല്ലൊരു വർഷം ആശംസിക്കുന്നു.

> *നിന്നിലെ നിന്നെ വിലമതിക്കാത്തിടത്തോളം കാലം മറ്റാരൊക്കെ നിന്നെ വിലമതിച്ചാലും അവയെല്ലാം ഫലശൂന്യമായിരിക്കും*

**നൗജിൻ വിതയത്തിൽ**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ കഴിഞ്ഞ മാർച്ച് മാസം ഏതാനും സ്കൂൾ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷവും അതിനെ തുടർന്ന് പത്താം ക്ലാസുകാരനായ മുഹമ്മദ് ഷഹബാസ് എന്ന വിദ്യാർത്ഥിക്ക് ജീവൻ നഷ്ടമായതുമെല്ലാം ഏറെ ഞെട്ടലോടെയാണ് നമ്മൾ കേട്ടത്. മാധ്യമ ങ്ങളിൽ വന്ന വാർത്ത ശരിയാണെങ്കിൽ ട്യൂഷൻ ക്ലാസിലെ യാത്രയപ്പ് ചടങ്ങിലുണ്ടായ ചില പ്രശ്നങ്ങൾ വഷളാവുകയും അത് പിന്നീട് സംഘർഷത്തിലേക്ക് നീങ്ങുകയും അതിന്റെ തുടർച്ചയെണ്ണം വിദ്യാർഥികൾ തമ്മിൽ ചേരിതിരിഞ്ഞ് അടിപിടി നടക്കുകയും ആ ട്യൂഷൻ ക്ലാസിൽ ഇല്ലാത്ത കുട്ടികൾപോലും അതിൻറെ ഭാഗമായി മാറുകയും അതിൻറെയൊക്കെ പരിണിതഫലമായി അവരിൽ തന്നെ ഒരാളുടെ ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷത്തിലേക്ക് എത്തപ്പെടുകയും ചെയ്തു എന്നുള്ളതാണ്.

വളരെ കലുഷിതമായ ഒരു ബാല്യകൗമാര കാലഘട്ടത്തിലൂടെയാണ് നമ്മുടെ വിദ്യാർഥികൾ ചുവടുവെയ്ക്കുന്നത് എന്നു തോന്നി പോകുന്നു. ഈ കാലത്ത് കുട്ടികൾ സ്കൂളിൽ നിന്നും തിരിച്ചെത്തുന്നതുവരെ മാതാപിതാക്കൾക്ക് ആധിയാണ്. വീട്ടിലും പരിസരങ്ങളിലും വിദ്യാലയത്തിനകത്തും പുറത്തും സ്കൂൾ ബസ്സിലും യാത്രാ വഴികളിലും ട്യൂഷൻ ക്ലാസിലുമെല്ലാം അവർ സുരക്ഷിതരല്ല എന്നുള്ളതാണ് സമകാലീനമായ പല അനുഭവങ്ങളും നമ്മളെ പഠിപ്പിക്കുന്നത്. തൃശ്ശൂരിനടുത്തുള്ള മാളയിൽ കേവലം ആറു വയസുകാരനെ ശാരീരികമായി ഉപദ്രവിക്കാൻ ശ്രമിച്ചതും അവൻ എതിർത്തപ്പോൾ കുളത്തിലെ ചെളിയിൽ തള്ളിയിട്ടു കൊന്നതും ആ മകന്റെ അയൽവാസി തന്നെയായ ചെറുപ്പക്കാരനാണ് എന്ന വാർത്ത ഏറെ സങ്കടത്തോടെയാണ് നമ്മൾ കേട്ടത്.

അത്തരമൊരു പ്രശ്ന കലുഷിതമായ കാലഘട്ടത്തിലാണ് വീണ്ടും ഒരു വേനലവധി പിന്നിട്ട് സ്കൂളിന്റെ പടികൾ കയറാൻ നമ്മുടെ കുഞ്ഞു

# അധ്യാപകർക്കൊരു കത്ത്...!



> *അത്ഭുതങ്ങൾ എന്നു സംഭവിക്കുമെന്ന് നമുക്കറിയില്ല, പക്ഷേ അതു സംഭവിക്കാൻ നിമിഷനേരം മാത്രം മതിയെന്ന് മറക്കാതിരിക്കുക*

മക്കൾ ഒരുങ്ങുന്നത്. അറിവിന്റെ വലിയ ഒരു ലോകം അവർക്ക് മുന്നിൽ തുറന്നിട്ടു കൊടുക്കാനുള്ള ഉത്തരവാദിത്തം വിദ്യാലയങ്ങൾക്കും അതിലെ അധ്യാപകർക്കും ഉണ്ട് എന്നതിൽ സംശയമില്ല. എന്നാൽ ആ അറിവുകൾ വെറും പാഠപുസ്തകങ്ങളിലെ പരിജ്ഞാനം മാത്രമായി ചുരുങ്ങി പോകരുത്.

അത്തരം അറിവുകളുടെ കാര്യത്തിൽ നമ്മുടെ മക്കൾ ഏറെ മുൻപിലാണെങ്കിലും പലപ്പോഴും ജീവിത മൂല്യങ്ങളുടെയും മാനുഷിക ബന്ധങ്ങളുടെയും വൈകാരിക പക്വതയുടെയും കാര്യത്തിൽ അവർ നമ്മൾ പ്രതീക്ഷിക്കുന്ന തലത്തിലേക്ക് ഉയർന്നിട്ടുണ്ടോ എന്നു സംശയമാണ്. ലഹരികച്ചവടത്തിന്റെയും ഇന്റർനെറ്റിലെ പോൺ സൈറ്റുകളുടെയും ഓൺലൈൻ ഗെയിമുകളെയും ഇരകളായി നമ്മുടെ കുട്ടികൾ മാറിക്കൊണ്ടിരിക്കുന്നുഎന്നുള്ളതാണ് അടുത്ത കാലത്ത് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള പല അനുഭവങ്ങളും നമ്മെ പഠിപ്പിക്കുന്നത്. തങ്ങളുടെ പ്രായത്തിനൊത്തൊരു മാനസിക പക്വതയോ വൈകാരിക നിയന്ത്രങ്ങളോ പലപ്പോഴും നമ്മുടെ കുട്ടികൾക്കില്ല എന്നതാണ് സത്യം. കഴിഞ്ഞ കോവിഡ് കാലത്തെ രണ്ടുവർഷം കൊണ്ട് ഔദ്യോഗിക കണക്ക് പ്രകാരം 374 കുട്ടികളാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത് എന്ന അറിവ് നമ്മളെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു.

അറിവിന്റെ സൈദ്ധാന്തികലോകത്തു നിന്നും അനുഭവങ്ങളുടെ പ്രായോഗിക ലോകത്തേക്ക് നാം നമ്മുടെ കുട്ടികളെ കൂട്ടി കൊണ്ടു പോകണം. നമ്മുടെ വിദ്യാലയങ്ങൾ കേവലം അറിവ് ശേഖരിക്കുന്ന കലവറകളായി മാത്രം മാറാതെ അറിവിനെ

> **ചിലപ്പോൾ നമ്മുടെ അറിവുകൾ വെറും സൈദ്ധാന്തികമായ തലങ്ങളിൽ മാത്രം ഒതുങ്ങുകയും പ്രായോഗികത നഷ്പ്പെട്ടു പോവുകയും ചെയ്യുന്ന വലിയ ഒരപകടം പതിയിരിപ്പുണ്ട്. വിദ്യഭ്യാസമെന്നാൽ വെറും അറിവ് നേടുക മാത്രമല്ല അറിവിനോടൊപ്പം പ്രായോഗിക പരിശീലനവും നേടിയെടുക്കുക അത്യാവശ്യമാണ്.**

പ്രയോഗികതയിലേക്ക് എത്തിക്കുന്ന അടുക്കളകളായി മാറേണ്ടിയിരിക്കുന്നു. നിർമ്മിത ബുദ്ധി പോലുള്ള ആധുനിക സാങ്കേതിക വിദ്യയുടെ കാര്യത്തിൽ നമ്മുടെ കുട്ടികൾ ഏറെ മുമ്പിലാണെങ്കിലും അവയോടൊപ്പം ജാതിയുടെയും മതത്തിനെയും വേലിവെട്ടുകൾക്കതീതമായി മനുഷ്യനെ സ്നേഹിക്കുവാനും നല്ല സൗഹൃദങ്ങൾ വളർത്തിയെടുക്കുവാനും പരസ്പരം ബഹുമാനിക്കുവാനും ദുർബലരെ സഹായിക്കാനും ജീവിതത്തിൽ തോൽവിയെ നേരിടാനുമെല്ലാം സ്കൂൾ ജീവിതം അവരെ പഠിപ്പിക്കണം..

അതായത് പാഠപുസ്തകത്തിലെ അറിവിനോടൊപ്പം പ്രായോഗിക ജീവിതത്തിനാവശ്യമായ പരിജ്ഞാനവും നമ്മുടെ കുട്ടികൾ നേടിയെടുക്കേണ്ടതുണ്ട്. തോണിയിൽ പുഴ കടക്കാൻ ശ്രമിക്കുന്ന സഞ്ചാരിയുടെയും തോണിക്കാരന്റെയും കഥ എക്കാലത്തും പ്രസക്തമാണ്. വിജ്ഞാനിയെന്ന് വിചാരിക്കുന്ന സഞ്ചാരി തോണിക്കാരനെ പരിഹസി



> **അദൃശ്യമായതിനെ ദൃശ്യമാക്കണോ, ആദ്യം ലക്ഷ്യം നിശ്ചയിക്കൂ**

ച്ചുകൊണ്ടു ചോദിക്കുന്നു 'താങ്കൾക്ക് ഗണിത ശാസ്ത്രം വശമുണ്ടോ..?' 'ഇല്ല' തോണിക്കാരൻ മറുപടി പറഞ്ഞു. എന്നാൽ താങ്കളുടെ ജീവിതത്തിലെ കാൽ ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു. സഞ്ചാരി വീണ്ടും ചോദിക്കുന്നു 'താങ്കൾക്ക് വൈദ്യശാസ്ത്രം അറിയാമോ?' 'ഇല്ല' വീണ്ടും അയാൾ മറുപടി പറയുന്നു. എങ്കിൽ തന്റെ ജീവിതത്തിന്റെ പകുതിയോളം നഷ്ടമായിരിക്കുന്നു. വീണ്ടും സഞ്ചാരി ചോദിക്കുന്നു. 'താങ്കൾക്ക് ജ്യോതിശാസ്ത്രവും വാനശാസ്ത്രവും വശമുണ്ടോ?' 'ഇല്ല' എന്നുള്ള മറുപടി ബാക്കിയായി. ഉടനെ സഞ്ചാരി പറയുന്നു, താങ്കളുടെ ജീവിതത്തിന്റെ മുക്കാൽ പങ്കും നഷ്ടമായിരിക്കുന്നു. ഇതെല്ലാം കഴിഞ്ഞപ്പോൾ തോണിക്കാരൻ ശാന്തമായി തിരിച്ചു ചോദിക്കുന്നു 'താങ്കൾക്ക് നീന്താൻ അറിയാമോ..?' 'ഇല്ല' സഞ്ചാരി പറഞ്ഞു. എങ്കിൽ താങ്കളുടെ ജീവിതം മുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നു. കാരണം വഞ്ചിയിൽ വെള്ളം കയറി തുടങ്ങിയിരിക്കുന്നു...!

ചിലപ്പോൾ നമ്മുടെ അറിവുകൾ വെറും സൈദ്ധാന്തികമായ തലങ്ങളിൽ മാത്രം ഒതുങ്ങുകയും പ്രായോഗികത നഷ്ടപ്പെട്ടു പോവുകയും ചെയ്യുന്ന വലിയ ഒരപകടം പതിയിരിപ്പുണ്ട്. വിദ്യഭ്യാസമെന്നാൽ വെറും അറിവ് നേടുക മാത്രമല്ല അറിവിനോടൊപ്പം പ്രായോഗിക പരിശീലനവും നേടിയെടുക്കുക അത്യാവശ്യമാണ്. അത്തരമൊരു പ്രായോഗിക പരിശീനത്തെ മുന്നിൽ കണ്ടുകൊണ്ടുഎബ്രഹാം ലിങ്കൻ തന്റെ മകന്റെ അധ്യാപകനയച്ച കത്ത് ഏറെ പ്രസിദ്ധമാണല്ലോ... അതിലെ ഏതാനും വരികൾ സൂചിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം എന്ന് വിചാരിക്കുന്നു.

'സാർ, അവനെ പഠിപ്പിക്കുക ഏതൊരു ശത്രുവിന്റെ ഉള്ളിലും ഒരു മിത്രമുണ്ട് എന്ന് തിരിച്ചറിയാൻ.... കളഞ്ഞു കിട്ടുന്ന അൻപതു ഡോളറിനേക്കാൾ വിലയുണ്ട് അധ്വാനിച്ച് നേടുന്ന ഒരു ഡോളറിന് എന്ന് മനസ്സിലാക്കാൻ... തോൽവികളെ അഭിമുഖീകരിക്കാൻ അവനെ പഠിപ്പിക്കുക... നേരെയല്ലാത്ത വഴിയിലൂടെയുള്ള വിജയത്തേക്കാൾ തോൽവിയാണ് കൂടുതൽ ആദരിക്കപ്പെടുക എന്ന് അവനെ പഠിപ്പിക്കുക... കുഴലൂത്തിന്റെ പിന്നാലെ നടക്കാതിരിക്കാനും ജനക്കൂട്ടത്തെ പിന്തുടരാതിരിക്കുവാനുള്ള കരുത്ത് നേടാൻ അവനെ പഠിപ്പിക്കുക.. ദുഃഖിതനായിരിക്കുമ്പോഴും എങ്ങനെ ചിരിക്കണമെന്നും കണ്ണുനീരിൽ ഒട്ടും ലജ്ജ തോന്നേണ്ടതില്ലെന്നും അവനെ പഠിപ്പിക്കുക.... ജനക്കൂട്ടത്തിന്റെ ബഹളത്തിനു നേരെ ചെവിയടച്ച് തനിക്ക് ശരിയെന്ന് തോന്നുന്നതിനൊപ്പം നിൽക്കുവാനും അതിനുവേണ്ടി പൊരുതുവാനുംഅവനെ പഠിപ്പിക്കുക ..

സ്വന്തം കരുത്തും ബുദ്ധിയും ഏറ്റവും മികച്ച ആവശ്യങ്ങൾക്കായി മാത്രം പ്രയോജനപ്പെടുത്താനും ഒപ്പം മനഃസാക്ഷിക്കും ഹൃദയത്തിനും ഒരിക്കലും വില പറയാതിരിക്കുവാനും അവനെ പരിശീലിപ്പിക്കുക.. അവനിൽ ഉന്നതമായ വിശ്വാസം ഉണ്ടാകാൻ അവനെ സഹായിക്കുക; എങ്കിൽ മാത്രമേ അവനു മനുഷ്യ സമൂഹത്തിൽ വിശ്വാസം ഉണ്ടാവുകയുള്ളൂ...

ഇതൊരു ഭാരിച്ച ചുമതയാണ് എങ്കിലും താങ്കൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നു നോക്കുക. എന്റെ മകൻ ഒരു കൊച്ചു മിടുക്കനാണ്...!



> *നിന്നെ പ്രകാശിപ്പിക്കുന്നതെന്താണോ ആ പ്രകാശം കൊണ്ട് നീ ലോകത്തെ തന്നെ പ്രകാശിപ്പിക്കുക*

ജിതിൻ ജോസ്

# മഴയോർമ്മകൾ



മഴ പെയ്യുമ്പോൾ, ഓർമ്മ വരുന്നത് സ്കൂൾ തുറക്കുന്ന ആ ജൂൺ മാസമാണ്. മഞ്ഞുനിറം പകരുന്ന ആകാശം, തിരക്കേറിയ സ്കൂൾയാത്രകൾ എല്ലാം ചേർന്ന് മനസ്സിൽ പുഞ്ചിരിയുണ്ടാക്കുന്നു. പുതിയ കുടയും ബാഗും ചുമന്ന് കുട്ടികൾ സ്കൂളിലേക്ക് ഓടുന്നത് കാണുമ്പോൾ, ഓരോരുത്തരുടെയും ബാല്യകാല ഓർമ്മകൾ ഉയർന്നു വരും. അന്ന് നമുക്കുമുണ്ടായിരുന്നു അതേ ഉത്സാഹം, അതേ ആവേശം. പുതിയ കൂട്ടുകാരെ കാണും, പുതിയ ക്ലാസ്സ് മുറിയിൽ കയറിയിരിക്കും, പുതിയ പുസ്തകങ്ങൾക്കൊപ്പം പുതിയ സ്വപ്നങ്ങൾ തുടങ്ങും.

മഴക്കാലം എന്നത് മാത്രമല്ല, ഇത് പഠനത്തിന്റെയും പ്രതീക്ഷകളുടെയും കാലമാണ്. ഓരോ നനഞ്ഞ വസ്ത്രവും, ഓരോ തുള്ളിയുമെന്നത് കുട്ടികൾക്കുള്ള ഓരോ പുതിയ അനുഭവങ്ങളാണ്. പലപ്പോഴും പുസ്തകങ്ങൾ നനയാം, വഴികൾ മണ്ണാകാം, പക്ഷേ മനസ്സിൽ പാടിവയ്ക്കുന്ന ആ സന്തോഷം മാറ്റാനാവില്ല. പുതിയ അധ്യയന വർഷം ഓരോരുത്തർക്കും പുതിയ അവസരങ്ങൾ നൽകുന്നു. പഠിക്കേണ്ടത് മാത്രം അല്ല, നല്ല മനുഷ്യരാകാനും വളരേണ്ട സമയമാണിത്. ക്ലാസ് റൂമിൽ മാത്രം കഴിയാതെ ജീവിതത്തിന്റെ പാഠങ്ങളും മനസ്സോടെ ഉൾക്കൊള്ളണം. സ്നേഹവും സഹിഷ്ണുതയും പഠനം പോലെ അത്രയും പ്രധാനമാണ്.

മഴയൊന്നും നമ്മെ തളർത്തേണ്ട, മറിച്ച് അതിലൂടെ നനഞ്ഞു വളരാൻ തയ്യാറാവണം. മഴ നമ്മെ പഠിപ്പിക്കുന്നു  എത്ര കഷ്ടപ്പെട്ടാലും മുന്നോട്ട് പോവാം, പുതിയ തുടക്കങ്ങൾക്ക് നാം ഒരിക്കലും താമസിക്കേണ്ട.

‘മഴ വന്നു, മണ്ണിന്റെ മുഖത്ത്
പുതിയൊരു പുഞ്ചിരി പിറന്നു...’
(ബാലചന്ദ്രൻ ചേങ്ങന്നൂർ)

പുതിയ അധ്യായം മുഴുവൻ ആ പുഞ്ചിരിയോടെ നേരിടാം. എല്ലാ കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വിജയം നിറഞ്ഞ പുതിയ അധ്യയന വർഷം ആശംസിക്കുന്നു!

> ***ശരിയായും നല്ലതുപോലെയും ജീവിച്ചാൽ ഒരു ജീവിതം തന്നെ ധാരാളം***

ഡോ. സെമിച്ചൻ ജോസഫ്



# റൊണാൾഡോയോ നെയ്മറോ ?

ലോകം മുഴുവൻ ആരാധകരുള്ള സൂപ്പർ താരങ്ങളായ ക്രിസ്റ്റിയാനോ റൊണാൾഡോയും നെയ്മറും കളിക്കളത്തിനു പുറത്തും നമുക്ക് പ്രിയങ്കരരാണ്. കളിക്കളത്തിലെ സമ്മർദ്ദങ്ങൾ അവരിരുവരും അതിജീവിക്കുന്ന രീതിയെ ആസ്പദമാക്കി ബെൽജിയം കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് ലുവനും ഡാറ്റാ ഇന്റലിജൻസ് കമ്പനിയായ എസ്സിഐ സ്പോർട്സും സംയുക്തമായി ഒരു പഠനം നടത്തുകയുണ്ടായി. അത് പ്രകാരം കടുത്ത സമ്മർദങ്ങൾ പ്രതിരോധിക്കാനുള്ള ശേഷി റൊണാൾഡോയ്ക്കുണ്ടെന്നാണ് കണ്ടെത്തിയത് മറുവശത്തു പി.എസ്.ജിയുടെ ബ്രസീലിയൻ സൂപ്പർതാരം നെയ്മർ ഈ കാര്യത്തിൽ ഏറെ പിന്നിലാണെന്ന് പറയുന്നു.

സമ്മർദ്ദങ്ങളെ കൂസാതെ ഏത് പ്രതിസന്ധി ഘട്ടത്തിലും കുലുങ്ങാതെ നിൽക്കുന്ന ക്യാപ്റ്റൻ കൂൾ എന്ന വിശേഷണം ലഭിച്ചിട്ടുള്ള ആളാണ് മുൻ ഇന്ത്യൻ നായകൻ മഹേന്ദ്ര സിങ് ധോണി എന്നാൽ മറ്റുള്ളവരെ പോലെ തന്നെ

> *എല്ലാവരും ചെയ്യുന്ന എളുപ്പമുള്ള കാര്യങ്ങൾ ചെയ്യാതെ ആരും ചെയ്യാത്ത ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുക*

പേടിയും സമ്മർദ്ദവും താനും അനുഭവിച്ചിട്ടുണ്ടെന്നു ധോണി തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്.

കളിക്കിടയിലെ സമ്മർദ ഘട്ടങ്ങളെ അതിജീവിക്കാൻ കഴിയുമ്പോഴാണ് ആരാധകരുടെ പ്രതീക്ഷക്കൊത്തു ഒരു താരത്തിന് ഉയരാൻ കഴിയുക.

കളിക്കളത്തിൽ മാത്രമല്ല വ്യക്തി, കുടുംബ സാമൂഹ്യജീവിതങ്ങളിലെല്ലാം സമ്മർദ്ദങ്ങൾ ഏറെ അനുഭവിക്കേണ്ടി വരുന്നവരാണ് നാം. മിതമായ അളവിലുള്ള പിരിമുറുക്കങ്ങൾ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് വെല്ലുവിളിയാവില്ല. വിവിധ തരത്തിലുള്ള മത്സരങ്ങളിലും പരീക്ഷകളിലുമൊക്കെ ചിലർക്ക് നല്ല പ്രകടനം കാഴ്ചവയ്ക്കുന്നതിന് അത് സഹായകമാവുകയും ചെയ്തേക്കാം. ഉദാഹരണത്തിനു നാളെ പരീക്ഷയാണ് എന്ന ചിന്ത നമ്മെ കൂടുതൽ ഉത്തരവാദിത്ത ബോധമുള്ളവരാക്കി മാറ്റുകയും കൂടുതൽ ചിട്ടയോടെയുള്ള മുന്നൊരുക്കങ്ങൾ നടത്താനും സഹായിക്കും. എന്നാൽ പരിമുറുക്കം കൂടുകയാണെങ്കിൽ അത് കൂടുതൽ സമയം നിലനിൽക്കുന്നതാണെങ്കിൽ അത് നിങ്ങളുടെ ആരോഗ്യത്തെ മോശമായ രീതിയിൽ ബാധിക്കും.

നിരന്തരമായ മാനസിക സമ്മർദങ്ങൾ ശാരീരികവും മാനസികവുമായ നിരവധി പ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. തലവേദന, ഉന്മേഷമില്ലായ്മ, തോളിലും കഴുത്തിലും പുറത്തുമുള്ള വേദന, തൊണ്ടവരളുക, ഉറക്കക്കുറവ്, നെഞ്ചിന് ഭാരം, മനംപിരട്ടൽ, വയറ്റിൽ അസ്വസ്ഥത, നെഞ്ചിടിപ്പ്, ലൈംഗികപ്രശ്നങ്ങൾ തുടങ്ങിയ ശാരീരികപ്രശ്നങ്ങൾക്ക് പിറകിൽ വ്യക്തി അനുഭവിക്കുന്ന മാനസിക സമ്മർദങ്ങളായിരിക്കാൻ സാധ്യതയുണ്ട്. ചിലരിലെങ്കിലും ഇതു ഗുരുതരമായ മാനസിക പ്രശ്നങ്ങൾക്ക് വഴിവെക്കും.

## എങ്ങനെ അതിജീവിക്കാം

ആശങ്കകളും ഉത്കണ്ഠകളുമെല്ലാം നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ആദ്യമേ തന്നെ നമുക്ക് വേണം. അതുകൊണ്ടു തന്നെ അമിതമായി ഇത്തരം വികാരങ്ങളുടെ പിറകെ പോകാതെ നമ്മുടെ മുന്നിലുള്ള പ്രതിസന്ധികളെ നേരിടാനുള്ള ശക്തിയാർജിക്കുകയാണ് വേണ്ടത്. കൃത്യസമയങ്ങളിൽ ആവശ്യത്തിന് ഉറങ്ങാൻ



ശ്രമിക്കുകയാണ് മാനസികവും ശാരീരികവുമായ സമ്മർദ്ദത്തെ അതിജീവിക്കാനുള്ള പ്രാഥമികമായ മാർഗം. ഉറക്കത്തിനുമുമ്പ് മൊബൈൽ ഫോൺ, ടി.വി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ ഉപയോഗം പരമാവധി ഒഴിവാക്കുക. കൂടാതെ കാപ്പി, ചായ, കോളകൾ തുടങ്ങിയ ഉത്തേജനം നൽകുന്ന പാനീയങ്ങൾ ഒഴിവാക്കുന്നതും ഉറങ്ങാനായി വെളിച്ചക്കുറവുള്ള ശാന്തമായ അന്തരീക്ഷം തെരഞ്ഞെടുക്കുന്നതും നല്ലതാണ്. വ്യായാമം, വായന, സോഷ്യൽ മീഡിയയുടെ ശരിയായ ഉപയോഗം, പാചകം, കലാപരമായ പ്രവർത്തങ്ങൾ എന്നിവയിലൂടെ മാസിക സമ്മർദ്ദങ്ങളെ നമുക്ക് അതിജീവിക്കാൻ കഴിയും.

*(പരിശീലകനും കൗൺസിലറും സ്മാർട്ട് ഇന്ത്യ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ സഹസ്ഥാപകനുമാണ് ലേഖകൻ)*

> *സ്വപ്നങ്ങൾ സാക്ഷാത്കരിക്കണോ? ചിന്തിക്കുക, വിശ്വസിക്കുക, പ്രവർത്തിക്കുക, പരിശ്രമം തുടരുക*

സന്തോഷ് ചുങ്കത്ത്

# തോറ്റുപോയവർക്ക് ഒരു വാഴ്ത്ത്

ജീവിതത്തിൽ സ്ത്രീയും പുരുഷനും പരാജയങ്ങളും അവമതിയും ഒരേ പോലെ തന്നെയാകുമോ കൈകാര്യം ചെയ്യുന്നത്? സ്ത്രീകളെ ക്കുറിച്ച് പുരുഷന് വലുതായൊന്നും അറിയില്ലയെന്ന എലൈൻ ഷോവാൽട്ടരിന്റെ വാദത്തെ ബഹുമാനിച്ചുക്കൊണ്ട് തന്നെ പറയട്ടെ, നമുക്കത് അറിയില്ല. എന്നാൽ പുരുഷനോ?

പരാജയങ്ങളെ നേരിടുന്ന പുരുഷൻ ആ നിമിഷത്തിൽ മാത്രമല്ല ജീവിതത്തിലാകെ തന്നെ ഒറ്റപ്പെടുന്നുണ്ടെന്നു തോന്നുന്നു. പരാജയപ്പെട്ട പുരുഷനേക്കാൾ മോശപ്പെട്ട സ്ഥിതിയാണ് പരാജയപെട്ട അപ്പൻ/അച്ഛന്. അച്ഛന് ലോകം ചാർത്തിക്കൊടുതിട്ടുള്ള ചില പട്ടങ്ങളുണ്ട്. പോരാളിയുടെ, സംരക്ഷകന്റെ, പ്രശ്നപരിഹാരകന്റെ, ദാതാവിന്റെ, നായകന്റെ അങ്ങനെ അങ്ങനെ എത്രയോ. അയാൾക്ക് പരിഹരിക്കാനാവാത്ത വിഷയങ്ങളോ പ്രശ്നങ്ങളോ വീട്ടിൽ ഇല്ല. അല്ലെങ്കിൽ ഉണ്ടാകാൻ പാടില്ല. അയാൾ പോരാളിയാണ്... പോരുകാളയാണ്...

കുഞ്ഞുങ്ങൾ പട്ടിണി കിടക്കേണ്ടി വരുമ്പോൾ, പങ്കാളിയുടെ മാനത്തിന് കാവൽ നിൽക്കേണ്ടി വരുമ്പോൾ, പുര ചോർന്നൊലിക്കുമ്പോൾ, എല്ലാമെല്ലാം അയാൾ കുറ്റാരോപിതനാണ്. അയാൾക്ക് തോൽ



> *ചെയ്യാൻ കഴിയുമോ എന്ന് സംശയിക്കുന്നിടത്തുമാത്രമാണ് പിന്നീടൊരിക്കലും ചെയ്യാൻ കഴിയാത്തവിധം നാം നിഷ്ക്രിയരായിപോകുന്നത്*

ക്കാൻ അനുവാദമില്ല.

അത് ആൺവർഗ്ഗത്തിന്റെ മാത്രം പ്രശ്നമാണെന്ന് തോന്നുന്നു. നെഞ്ച് വിരിവും അതിനെക്കുറിച്ചുള്ള പൊങ്ങച്ചങ്ങളും എല്ലാം നമ്മൾ എത്ര കണ്ടിട്ടുള്ളതാണ്. എതിരാളി തന്നെക്കാൾ ശക്തനാണെങ്കിലും ഒരു 'ഫൈറ്റ്' നൽകാതെ അയാൾക്ക് പിൻവാങ്ങാൻ ആകില്ല. പോരിൽ തോറ്റാൽ വീരപരിവേഷമൊന്നും കിട്ടില്ല എങ്കിലും അയാൾ പൊരുതണം, വെല്ലുവിളിക്കണം. ചാവും വരെ അല്ലെങ്കിൽ തീർത്തും കീഴടക്കപ്പെടുന്നത് വരെ പോരാടണം. കീഴടക്കപെടുകയോ, പരാജയപ്പെടുകയോ ചെയ്യപ്പെട്ടാൽ, പിന്നെ നഷ്ടങ്ങളുടെ മാത്രം കണക്കാണ് ബാക്കിയാവുക. വീട്, കുലം, നാട്, ഇണ അങ്ങനെ എല്ലാം അയാൾക്ക് നഷ്ടപ്പെടും.

'കൊന്നിട്ട് പോടാ' എന്ന് പ്രതിനായകന്മാർ അലറുന്നത് വെറുതെയല്ല. പരാജയത്തേക്കാൾ മരണം അയാൾ ആഗ്രഹിക്കുന്നതും അതുകൊണ്ടാകും. തോറ്റതിന് ശേഷം ആരെയും അയാൾക്ക് നേരിടേണ്ടതില്ല എന്നതാണ് മരണം നൽകുന്ന ഗുണം.

അന്റോണിയോ റിച്ചി എന്ന അച്ഛന്റെ പരാജയത്തെ ഹൃദയ നൊമ്പരമായി വിറ്റോറിയോ ഡിസീക്കാ വരച്ചിടുന്നത് 'ബൈസിക്കിൾ തീവ്സിലാണ്' ഒരു മോഷണശ്രമത്തിൽ പരാജയപ്പെട്ട് പിടിക്കപെട്ടതിനു ശേഷം, തന്റെ കുഞ്ഞിന്റെ നേരെ നോക്കാൻ ബലപ്പെടാതെ താഴ്ന്ന ശിരസ്സുമായി നടന്നു നീങ്ങുന്ന റിച്ചി.

ആൺ വർഗ്ഗത്തിന്റെ തലവരയാണത്; പരാജയപ്പെടാനാവില്ല.

1940കളിലെ 'അമേരിക്കൻ സ്വപന'ത്തിൽ (American Dream) സർവ്വരാലും ഇഷ്ടപ്പെടുകയും ആകർഷിക്കപ്പെടുകയും ചെയ്യുന്നതാണ് വിജയത്തിന്റെ മാനദണ്ഡം എന്ന് കരുതി ജീവിതച്ചന്തയിൽ സ്വയം തോറ്റുപോകുന്ന വില്ലി ലോമാൻ എന്ന അറുപത്തഞ്ചുകാരന്റെ കഥ പറയുന്ന ആർതർ മില്ലറിന്റെ വിശ്വവിഖ്യാതമായ നാടകമാണ് 'The Death of a Salesman'. വിജയങ്ങളുടെ പുറകെ പായാൻ വിധിക്കപ്പെട്ട ജന്മമാണ് വില്ലിയുടേത്. തന്റെ മക്കളിൽ ഏറെ പ്രിയപ്പെട്ട ബിഫ് തനിക്ക് പുറകെ വരുമെന്നോർത്താണ് അയാൾ വിജയങ്ങളെ വേട്ടയാടാൻ ഇറങ്ങുന്നതും ജീവിതത്തിലും കച്ചവടത്തിലും ഒരേപോലെ തോറ്റുപോകുന്നതും ജീവിതത്തിന്







അയാൾ സ്വയം നിശ്ചയിച്ച ഒരു ഫുൾ സ്റ്റോപ്പ് ഇടുന്നതും മകന് തന്റെ മരണം കൊണ്ടുവരാൻ പോകുന്ന ഭാഗ്യത്തിൽ ആശ്രയിച്ചിട്ടാകണം. ജീവിതംകൊണ്ട് നേടാനാകാത്തത് മരണം നൽകുമെന്ന വ്യഥാ സ്വപ്നം കണ്ട് പരാജിതനായി ജീവിതത്തിൽ നിന്നിറങ്ങിപ്പോകുന്ന അപ്പനാണ് വില്ലി.

'കിഴവനും കടലും'എന്ന വിഖ്യാത ക്ലാസിക് നോവലിലും ഹെമിംഗ്‌വേ വരച്ചിടുന്നതും ഇതേ പരാജയത്തിന്റെ ആവർത്തനമാണ്.

'മനുഷ്യൻ പരാജയപ്പെട്ടേക്കാം, തകർക്കാനാകില്ല' എന്നാശ്വസിക്കുമ്പോഴും തന്റെ ജീവിതത്തിന്റെ സായാഹ്നത്തിൽ, ഒരു കൊമ്പൻ മാർലിനെ വേട്ടയാടിപ്പിടിക്കുമ്പോഴും അവസാനത്തെ ചിരി കിഴവൻ സാന്തിയാഗോയുടെതല്ല. സ്രാവുകൾ അവശേഷിപ്പിച്ച മാർലിന്റെ മുള്ളുകൾ ബോട്ടിൽ തന്നെ അവശേഷിപ്പിച്ച്, ബോട്ടിന്റെ പായ്മരങ്ങൾ തോളിലേറ്റി കുന്നുകയറുന്ന സാന്തിയാഗോയിൽ ലോകം ക്രിസ്തുവിനെ കണ്ടു.

ഇന്നോളം എഴുതപ്പെട്ടതെല്ലാം വിജയിയുടെ ചരിത്രങ്ങളാണ്. പരാജിതൻ എവിടെയും പരാമർശിക്കപ്പെടുകയില്ല.

എത്രയെത്ര പാവങ്ങളാണ് 'കമോൺട്ര മഹേഷ്' എന്ന പോർവിളിയിൽ ആവേശക്കുതിപ്പിൽ പെട്ട് തോറ്റുപോയത്!

പരാജയങ്ങളുടെ മനുഷ്യൻ...

പരാജയപ്പെട്ട്, ചരിത്രത്തിൽ നിന്നും തീർത്തും അപ്രസക്തരായ എല്ലാ ആണുങ്ങളോടും അപ്പന്മാരോടും ചേർന്ന് നിന്നുകൊണ്ടൊരു സലാം..

**"**

***മനസ്സുകൊടുത്തും ആത്മാർത്ഥമായും ആസ്വദിച്ചും ചെയ്യൂ, നീയൊരിക്കലും സമയം പാഴാക്കുകയല്ല***

നാണംകുണുങ്ങി.. മകനെക്കുറിച്ച് ഒരു അച്ഛന്റെ കമന്റ് ഇപ്രകാരമാണ്.

പേടിച്ചുതൂറി.. ഇതാണ് മറ്റൊരു അമ്മയുടെ കമന്റ്.

മക്കളെ ഇങ്ങനെയെല്ലാം വിശേഷിപ്പിക്കുന്ന മാതാപിതാക്കൾ അറിയുന്നുണ്ടോ മക്കളുടെ പരിഭ്രമത്തിനും ആത്മവിശ്വാസക്കുറവിനും ലജ്ജയ്ക്കും എല്ലാം തങ്ങൾ തന്നെയാണ് കാരണക്കാരെന്ന്.. തങ്ങൾ ആഗ്രഹിക്കുന്നതുപോലെ മക്കൾ ഉന്നതപദവികളിൽ എത്താത്തതിനും മികച്ച ജീവിതവിജയം കൈവരിക്കാത്തതിനുമെല്ലാം മക്കളെ നിരന്തരമായി കുറ്റപ്പെടുത്തുന്ന മാതാപിതാക്കൾ ഒരുകാര്യംമനസ്സിലാക്കുക അവരെ ഇതുപോലെ രൂപീകരിച്ചത് തങ്ങൾതന്നെയാണ്. എല്ലാമാതാപിതാക്കളും ആഗ്രഹിക്കുന്നത് തങ്ങളുടെ മക്കൾ ഈ ലോകത്തിലേക്കുവച്ചേറ്റവും നല്ലവരും സമർത്ഥരും വിജയികളും ആയിത്തീരണമെന്നാണ്. എന്നാൽ എങ്ങനെയാണ് അതുവഴിയായി അവരെ മിടുക്കരാക്കിമാറ്റുന്നത് എന്ന കാര്യത്തിൽ പലർക്കും വേണ്ടത്ര അറിവില്ല. ഈയൊരു സാഹചര്യത്തിൽ മക്കളെ മിടുക്കരാക്കുന്നതിൽ മാതാപിതാക്കൾ അറിഞ്ഞുവയ്ക്കേണ്ട ചില കാര്യങ്ങൾ പറയാം.

# മക്കളെ മിടുക്കരാക്കാൻ



> “ *മറ്റുള്ളവർ നിന്നെ സംശയിച്ചോട്ടെ, പക്ഷേ നീയൊരിക്കലും നിന്നെ സംശയിക്കരുത്*



ആത്മവിശ്വാസം വർദ്ധിക്കുന്നു

## സ്വയംപര്യാപ്തരാക്കുക

മക്കൾക്കുവേണ്ടതായ എല്ലാ കാര്യങ്ങളും ചെയ്തുകൊടുത്ത് അവരെ വിലയില്ലാത്തവരാക്കാതിരിക്കുക.. വലുതോ ചെറുതോ ആയ കാര്യങ്ങളായിരുന്നുകൊള്ളട്ടെ അവർ ചെയ്യാൻ സന്നദ്ധരായി മുന്നോട്ടുവരുമ്പോൾ അതിനുള്ള അവസരം നല്കുക. മക്കൾക്കുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കാതെ തങ്ങൾക്കുവേണ്ടതായ കാര്യങ്ങൾഅവരെക്കൊണ്ടുതന്നെ ചെയ്യിപ്പിക്കാൻ തയ്യാറാവുക.

## സഹകരിപ്പിക്കുക

മാതാപിതാക്കൾ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും മക്കളെ സഹകരിപ്പിക്കുക. കുടുംബത്തിനുവേണ്ടതായ നിയമങ്ങൾ നടപ്പിലാക്കുന്നതിലും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലും പ്രശ്നം പരിഹരിക്കുന്നതിലും എപ്പോഴും മക്കളെയും കൂട്ടുക, മാതാപിതാക്കളും മക്കളും ഒരു ടീമായി നിന്നു പ്രവർത്തിക്കുക.

## കരുണയുള്ളവരായി വളർത്തുക

സഹജീവി സ്നേഹമുള്ളവരായും കരുണയുള്ളവരായും കുട്ടികളെ വളർത്തുക. കുട്ടികളോട് പൊട്ടിത്തെറിക്കാതെയും ദേഷ്യപ്പെടാതെയും സൗമ്യമായി പെരുമാറുക. കുട്ടികൾ തെറ്റു ചെയ്യുമ്പോഴോ അബദ്ധം ചെയ്യുമ്പോഴോ പിഴവുകൾ വരുത്തുമ്പോഴോ പൊട്ടിത്തെറിക്കുകയോ കോപിക്കുകയോ ചെയ്യാതിരിക്കുക. സ്വാഭാവികമായും അത്തരം സന്ദർഭങ്ങളിൽ ദേഷ്യപ്പെടാനുള്ള പ്രവണതയാണ് ഉണ്ടാകുന്നതെങ്കിലും ബോധപൂർവം കോപം നിയന്ത്രിക്കുക. ഇത് മറ്റുള്ളവരുടെ തെറ്റുകളോടും സഹജീവികളോടും കരുണയോടെ പെരുമാറാൻ കുട്ടികളെ സഹായിക്കും.

## ധാർമ്മികബോധമുള്ളവരാക്കുക

ശരിയും തെറ്റും തമ്മിലുള്ള വേർതിരിവുകൾ ചെറുപ്രായത്തിൽ തന്നെ പഠിപ്പിച്ചുകൊടുക്കുക. ധാർമ്മികബോധവും മൂല്യചിന്തകളും പകർന്നു നല്കുന്നതിലൂടെ മാത്രമേ ധാർമ്മികതയുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ നമുക്കു സാധിക്കുകയുള്ളൂ.

## മക്കളെ വിശ്വസിക്കുക

എല്ലാ ബന്ധങ്ങളുടെയും വിജയത്തിന്റെ അടിസ്ഥാനം പരസ്പരവിശ്വാസമാണല്ലോ? മക്കളെ വിശ്വസിക്കുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിക്കുന്നതായിട്ടാണ് പഠനങ്ങൾ പറയുന്നത്. മക്കളുടെ കഴിവുകളെ വിലകുറച്ചുകാണാതിരിക്കുക. ചെറുപ്രായത്തിൽ അവർ എന്തെങ്കിലും ചെയ്യാൻ സന്നദ്ധരായി മുന്നോട്ടുവരുമ്പോൾ അപകടം സംഭവിക്കുമെന്നോ അല്ലെങ്കിൽ മോശമായിരിക്കുമെന്നോ പറഞ്ഞ് നിരുത്സാഹപ്പെടുത്താതിരിക്കുക. പകരം അവരെ അത് ചെയ്യാൻ അനുവദിക്കുക. മക്കളെ വിശ്വസിക്കുന്നതിലൂടെ അവരുടെ ആത്മവിശ്വാസത്തിന് അടിത്തറയിടുകയാണ് ചെയ്യുന്നത്.

## മക്കളെ ബഹുമാനിക്കുക

മാതാപിതാക്കളെ ബഹുമാനിക്കണമെന്നാണ് പൊതുവെ പറയാറ്. അതിനൊപ്പം തന്നെ മക്കളെയും ബഹുമാനിക്കേണ്ടതുണ്ട്.. മക്കളെ ബഹുമാനിക്കുകയെന്നാൽ അവർ പറയുന്നത് കേൾക്കാൻ ചെവികൊടുക്കുക എന്നതാണ്. അവരുടെ ആശയങ്ങൾ കേൾക്കാൻ കാതുകൊടുക്കുക. അവയ്ക്ക് അർഹിക്കുന്ന ഗൗരവം നല്കുക. കേൾക്കുന്ന മാത്രയിൽ നിസ്സാരമെന്നോ വാസ്തവികതാ ബോധമില്ലാത്തതാണെന്നോ ഒക്കെ തോന്നിയേക്കാം. പക്ഷേ അത് അവഗണിക്കാതിരിക്കുക. തങ്ങളുടെ ആശയങ്ങൾ മാതാപിതാക്കൾ ഗൗനിക്കുന്നുണ്ടെന്നും കേൾക്കുന്നുണ്ടെന്നും മനസ്സിലാക്കിക്കഴിയുമ്പോൾ മക്കളുടെ

> *വിജയത്തിന്റെ എത്ര തൊട്ടടുത്തെത്തിയപ്പോഴാണ് പരാജയപ്പെട്ട് പിന്മാറിയത് എന്ന് മനസ്സിലാക്കാതെപോയവർ മാത്രമേ പിന്നീട് വിജയിക്കാതെ പോയിട്ടുള്ളൂ*

# സുന്ദരം ദാമ്പത്യം

'ഒന്നും മറച്ചുവയ്ക്കരുത്. എല്ലാം തുറന്നുപറയണം'

വിവാഹിതരാകുന്ന ദമ്പതിമാർക്ക് പലരും കൊടുക്കുന്ന ഉപദേശങ്ങളിലൊന്നാണ് ഇത്. ദാമ്പത്യബന്ധത്തെ മനോഹരമാക്കുന്നതും വിശ്വസനീയമാക്കുന്നതുമായ പ്രധാന ഘടകം അവർക്കിടയിലെ സുതാര്യത തന്നെയാണ്. എന്നാൽ ഏതൊക്കെ കാര്യങ്ങളിലും എത്രത്തോളവും സുതാര്യത ആകാം എന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്.

സുതാര്യതയുണ്ടാവുന്നത് രണ്ടുപേർക്കിടയിൽ മിനിമം അണ്ടർസ്റ്റാന്റിംങ് ഉണ്ടാകുമ്പോഴാണ്. പറയുന്നത്, പറയുന്ന രീതിയിൽ മനസ്സിലാക്കാനുള്ള കഴിവാണ് അത്. അതായത് പുതിയ ഭാഷയിൽ പറഞ്ഞാൽ പരസ്പരം വൈബ് ഉണ്ടായിരിക്കണം. വൈബ് ഇല്ലെങ്കിൽ പറയുന്ന കാര്യങ്ങൾ തെറ്റിദ്ധരിക്കപ്പെടുകയും പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യും. ദമ്പതികൾക്ക് ഒരേ ബൗദ്ധികനിലവാരവും സാംസ്കാരിക നിലവാരവും ഉള്ളപ്പോഴാണ് വൈബ് സൃഷ്ടിക്കപ്പെടുന്നത്. നിലവാരത്തിൽ വ്യത്യാസം ഉള്ളവരാണെങ്കിൽ പറഞ്ഞ കാര്യങ്ങളെ പ്രതി പിന്നീട് കടുത്ത നിയന്ത്രണവും തെറ്റിദ്ധാരണയും നേരിടേണ്ടിവന്നേക്കാം. അതുകൊണ്ട് ദാമ്പത്യത്തിലെ പുതുമോടിയുടെ പേരിൽ എല്ലാം വലിച്ചുവാരിയിട്ടു പറയാൻ തയ്യാറാകുമ്പോൾ തന്നെ തിരിച്ചുകൊത്തുകയില്ലെന്ന് ഉറപ്പുള്ള കാര്യങ്ങൾ മാത്രം സംസാരിക്കുക. സംസാരത്തിൽ വിവേകം പുലർത്തുക.

ഭൂതകാലത്തിലെ കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴെന്നതുപോലെ തന്നെ വർത്തമാനകാലത്തിലെ കാര്യങ്ങളെക്കുറിച്ചു പറയുമ്പോഴും വിവേകമുള്ളവരായിരിക്കുക. വിവാഹം കഴിഞ്ഞ് കുറെനാൾ കഴിയുമ്പോൾ രൂപഭംഗിയിലുണ്ടാകുന്ന മാറ്റത്തെ



> "പുതിയൊരു സ്വപ്നവും നല്ലൊരു ഭാവിയും പ്രതീക്ഷിക്കാൻ കഴിയാത്തവിധം നിന്റെ ജീവിതത്തിൽ ഇതുവരെയും ഒന്നും സംഭവിച്ചിട്ടില്ലെന്ന് വിശ്വസിക്കുക

ക്കുറിച്ച് നെഗറ്റീവായും മുറിപ്പെടുത്തുന്ന രീതിയിലും സംസാരിക്കാതിരിക്കുക അവയിൽ ഒന്നാമത്തേതാണ്. പങ്കാളിയുടെ രൂപം, നിറം, സൗന്ദര്യം എന്നീ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ ജാഗ്രതയുണ്ടായിരിക്കണം. പുതിയ ഡ്രസോ ആഭരണമോ ധരിച്ചുവരുമ്പോൾ അവരെ അപഹസിക്കാത്തരീതിയിൽ കമന്റ് പറയുകയാണ് വേണ്ടത്. ദാമ്പത്യത്തിൽ തീർത്തും ഒഴിവാക്കേണ്ട ഒന്നാണ് താരതമ്യം. മറ്റൊരു പുരുഷനുമായോ സ്ത്രീയുമായോ തന്നെ താരതമ്യം ചെയ്യുന്നത് ഒരു ഭർത്താവും ഒരു ഭാര്യയും ഇഷ്ടപ്പെടുകയില്ല. അസൂയയും അപകർഷതയും വർദ്ധിപ്പിക്കാൻ മാത്രമേ അത് സഹായിക്കുകയുള്ളൂ. ഏതെങ്കിലുമൊക്കെ കാരണങ്ങളുടെ പേരിൽ വഴക്കുണ്ടാകുമ്പോൾ നിന്നെ വിവാഹം കഴിച്ചതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയതെറ്റ് എന്ന രീതിയിലുള്ള പ്രസ്താവനകൾ നടത്തരുത്. ഒരു നിമിഷത്തെ ദേഷ്യത്തിലായിരിക്കും അത്തരം പ്രസ്താവനകൾ നടത്തുന്നത്. എന്നാൽ അത് കേൾക്കേണ്ടിവരുന്ന ആളുടെ ഹൃദയത്തിനുണ്ടാകുന്ന മുറിവ് വളരെ വലുതായിരിക്കും. ഭാര്യ ഭർത്താവിനെ സ്വന്തംഅച്ഛനോടും ഭർത്താവ് ഭാര്യയെ സ്വന്തം അമ്മയോടും താരതമ്യം നടത്തുന്ന രീതിയും പൊതുവെ കണ്ടുവരാറുണ്ട്.



'എന്റെ അച്ഛൻ നിങ്ങളെപ്പോലെയല്ല'

' എന്റെ അമ്മ നിന്നെപോലെയായിരുന്നില്ല'

എന്നീ മട്ടിലാണ് പലപ്പോഴും ഭാര്യഭർത്താക്കന്മാർ സംസാരിക്കുന്നത്. മുകളിൽപ്പറഞ്ഞതുപോലെ ഇവിടെയും താരതമ്യങ്ങൾ നിഷേധാത്മകഫലം മാത്രമേ സൃഷ്ടിക്കുകയുള്ളൂ. അച്ഛന്റെ സ്ഥാനത്ത് ഭർത്താവിനെയോ അമ്മയുടെ സ്ഥാനത്ത് ഭാര്യയെയോ പ്രതിഷ്ഠിക്കാതിരിക്കുക. അമ്മയും അച്ഛനും ഭാര്യയും ഭർത്താവും വ്യത്യസ്തരാണ്. അച്ഛൻ പെരുമാറുന്നതുപോലെ ഭർത്താവോ അമ്മ ജീവിച്ചതുപോലെ ഭാര്യയോ ജീവിക്കണമെന്നില്ല.

ദമ്പതികൾ തമ്മിൽ അസ്വാരസ്യങ്ങളും അഭിപ്രായഭിന്നതകളും സ്വാഭാവികമാണ്. അഭിപ്രായം ചോദിച്ചെടുക്കുന്ന തീരുമാനങ്ങൾ പോലും പിന്നീട് തെറ്റിപ്പോയെന്നിരിക്കും. ഇത്തരംസന്ദർഭങ്ങളിൽ തെറ്റ് സംഭവിച്ചതിന്റെ ഉത്തരവാദിത്വം ഒരാളിൽ മാത്രം ചുമത്താതിരിക്കുക.  ഒരാളുടെ പിഴവ് കുടുംബത്തിന്റെ മൊത്തം പിഴവും നഷ്ടവുമായി കാണാൻ കഴിയുമ്പോഴാണ് ദമ്പതികൾക്കിടയിൽ കെട്ടുറപ്പും കൂട്ടായ്മയും ഉണ്ടാകുന്നത്. പങ്കാളിയുടെ വീട്ടുകാരോട് ചിലപ്പോൾ പല കാര്യങ്ങളിലും വിയോജിപ്പുകളുണ്ടായെന്നു വരാം. അവരുമായി യോജിച്ചുപോകാൻ സാധിച്ചെന്നും വരില്ല. എങ്കിലും അവരോടുള്ള വെറുപ്പും വിദ്വേഷവും പങ്കാളിയോട് പറയാതിരിക്കുന്നതാണ് നല്ലത്. ചില ഭാര്യഭർത്താക്കന്മാർ തങ്ങളുടെ പങ്കാളിയുടെവീട്ടുകാരെക്കുറിച്ച് ഏറ്റവും മോശമായും നിന്ദ്യമായും സംസാരിക്കുന്നവരാണ്. ഇത് വീട്ടുകാരോട് എന്നതിനെക്കാളേറെ പങ്കാളികൾ തമ്മിലുള്ള ബന്ധത്തെയായിരിക്കും പ്രതികൂലമായി ബാധിക്കുന്നത്.

നിങ്ങളെക്കൊണ്ട് എന്തിനു കൊള്ളാം എന്ന് ചില ഭാര്യമാർ ഭർത്താക്കന്മാരോടു ചോദിക്കാറുണ്ട്.

നീയിവിടെ എന്തു മലമറിക്കുകയാണെന്ന് ഭാര്യയോട് ചോദിക്കുന്നവരുമുണ്ട്. രണ്ടുചോദ്യങ്ങളും തെറ്റാണ്. ബഹുമാനമില്ലായ്മ ദാമ്പത്യത്തെ ക്രമേണ ശിഥിലമാക്കും. പരസ്പരം ആദരവോടെ സംസാരിക്കുക. ദാമ്പത്യബന്ധം മനോഹരമാകും.

"

***ഓരോ മനുഷ്യനും തന്റെ ജീവിതം മറ്റുള്ളവർക്കു മാതൃകയാകത്തക്ക വിധത്തിൽ ജീവിക്കേണ്ടവനാണ്.***

# സഹായം

സഹായം കൈപ്പറ്റാത്തവരായി ആരെങ്കിലുമുണ്ടാവുമോ? ആരോടെങ്കിലും ജീവിതത്തിലെ ഏതെങ്കിലും നിമിഷങ്ങളിൽ സഹായം ചോദിക്കാത്തവരായി ആരെങ്കിലുമുണ്ടാവുമോ? മനുഷ്യൻ സാമൂഹികജീവിയായതുകൊണ്ടാണ് സഹായം ചോദിക്കേണ്ടിവരുന്നത്.

അരോഗദൃഢഗാത്രനായ ഒരാൾ പോലും തനിക്കാകാവുന്നതിന്റെ അങ്ങേയറ്റം ഭാരമുള്ള ഒരു വസ്തു നീക്കിവയ്ക്കുന്നതിനോ എടുത്തുമാറ്റുന്നതിനോ മറ്റൊരാളോട് സഹായം ചോദിക്കാറുണ്ട്.

എനിക്ക് നിന്റെ സഹായമൊന്നും ആവശ്യമില്ല എന്റെ കാര്യം ഞാൻ നോക്കിക്കോളാം എന്നൊക്കെ ചിലർ പറയുന്നത് കേട്ടിട്ടില്ലേ? തന്റെ കഴിവിലും സമ്പത്തിലും ആരോഗ്യത്തിലും സ്വാധീനത്തിലും അയാൾ പരിധിയിലേറെ ആശ്രയിക്കുന്നതുകൊണ്ടും മറ്റുള്ളവരെ തെറ്റിദ്ധരിക്കുന്നതുകൊണ്ടുമാണ് ഇപ്രകാരം പറയുന്നത്. എല്ലാം നമുക്കുണ്ടാകുമ്പോഴും ചില നിമിഷങ്ങളിൽ അവയെല്ലാം ഫലശൂന്യമായിതോന്നുമ്പോൾ മറ്റുള്ളവരുടെ സഹായം കൈപ്പറ്റാതെ ജീവിക്കാനാവാതെ വരുന്നു.

സഹായം സ്വീകരിക്കുന്നത് തെറ്റല്ല എന്നു മാത്രമല്ല സഹായിക്കേണ്ടത് നമ്മുടെ കടമയാണ് എന്നുകൂടി മനസ്സിലാക്കിയിരിക്കണം. സഹായം നല്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും മറക്കരുതാത്ത മറ്റൊരു കാര്യംകൂടി ഉണ്ട്. എപ്പോഴും മറ്റുള്ളവരോട് സഹായം ചോദിക്കുന്നത് നല്ലതല്ല. അത്യാവശ്യസന്ദർഭങ്ങളിലാണ് സഹായം തേടേണ്ടത്. തുടർച്ചയായി എല്ലാ കാര്യങ്ങളിലും മറ്റുള്ളവരുടെ സഹായം അഭ്യർത്ഥിക്കുന്നത് സ്വയം വിലക്കുറവിന് വഴിതെളിക്കും. കൂടാതെ മറ്റുള്ളവരെ തനിക്കുവേണ്ടി ഉപയോഗിക്കുന്നതിന്റെയും ചൂഷണം ചെയ്യുന്നതിന്റെയും കൂടി ഭാഗമാണ് അത്.

സഹായിക്കുന്നത് സന്നദ്ധതയുടെ അടയാളമാണ്. ഹൃദയം വിശാലമാക്കിയിരിക്കുന്ന ഒരാൾക്കുമാത്രമേ മറ്റൊരാളെ സഹായിക്കാനാവൂ. തട്ടിത്തടഞ്ഞുനില്ക്കുന്ന ഇടത്തുനിന്ന് മുന്നോട്ടു കൈപിടിച്ചുകൊണ്ടുപോകാൻ ഒരാൾ സ്വമേധയാ സന്നദ്ധനാകുന്ന അപൂർവ്വസുന്ദരമായ നിമിഷമെത്രെ അത്. എത്രയെത്ര പേരുടെ സഹായം കൈപ്പറ്റിയാണ് നമ്മൾ ഓരോരുത്തരും ഈ നിലയിലായിരിക്കുന്നത്. സഹായിക്കുമെന്ന് പ്രതീക്ഷിച്ച എത്രയോ പേരാണ് നമ്മെ കൈവിട്ടുകളഞ്ഞത്. സഹായംചോദിച്ച് മുട്ടിയ എത്രയോ വാതിലുകളാണ് നമ്മുടെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടത്. സാരമില്ല ഒരാൾ അല്ലെങ്കിൽ മറ്റൊരാൾ നിന്നെ സഹായിക്കാനായി അവിടെത്തന്നെയുണ്ടാവും. കിട്ടിയ സഹായങ്ങളെയൊക്കെ തൂത്തുമിനുക്കിയെടുത്തു നിധിപോലെ നന്ദിയോടെ സൂക്ഷിക്കുക. കിട്ടുന്ന അവസരങ്ങളൊക്കെ മറ്റുള്ളവരെ സഹായിക്കാനായി പ്രയോജനപ്പെടുത്തുക.




**സ്മാരകങ്ങളാക്കാതെ ചരിത്രമാക്കുന്നവിധത്തിൽ നിമിഷങ്ങൾ ചെലവഴിക്കുക**



# PRABHATH

## RESIDENTIAL PUBLIC SCHOOL

Pallimukal, Karimugal, Kochi, Kerala- 682303
Ph: 0484 2682880

Affiliated to CBSE | No 930414

Prabhath Residential Public School, is for boys and girls, situated at Karimugal nearly 25 km away from Cochin City and 5 Km away from Kochi Refinery. It is special place, where the student, parents, teaching and non teaching staff work together with a common mission and shared goals to prepare our children to be productive citizens of this era.

### FACULTIES

Our school consists of well trained and expanded set of teachers work together for fulfilling the deeds of CCE

### MANAGEMENT VISION

Goal of education is change or improve the standard of our society and overcoming the difficulties of negative transformation. The indications of changes are to be valued only if curriculum become more concentrated.

### FACILITIES

We possess wide breeze, Hygienic clean rooms which make students always Vitalitic and enthusiastic.

## *Prabhath offers*

***a great opportunity to mould your future in the lap of Gaborone University College of Law & professional studies, Botswana***

LABORATORIES ● LIBRARY AND READING ROOM ● TRANSPORTATION ● COMPUTER EDUCATION ● DIGITAL CLASSROOMS ● REST/SICK ROOM ● FIRST AID AND FIRE SAFETY EQUIPMENTS ● SCHOLASTIC AND ECO FRIENDLY CLUBS ● RSL , S.D & GARDENING ● PARENT TEACHERS AWARENESS CLASSES

**www.prabhathresidentialschool.com**

Printed and Published by Shoby G.V, Phone: 9497318531, Printed at Don Bosco Igact, N.H. Bypass, Near EMC, Kochi-28 